# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കിടങ്ങൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ് എ.-.കെ.ടി.എം.പി13-1715/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 22/01/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കിടങ്ങൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ് എ.-.കെ.ടി.എം.പി13-1715/2021 തീയ്യതി: 22/01/2022

## കോട്ടയം ജില്ലയിലെ കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2020 മുതൽ 31-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ രാധാകൃഷ്ണൻ എം. എൻ. | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | 14-12-2021 | 22-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-12-2021 | 22-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സുലത ഡി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ യോഗേഷ് ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ജോഷി തോമസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ അഖിൽ കെ. രാധാകൃഷ്ണൻ | പ്രസിഡന്റ് | 01-04-2020 | 31-05-2020 |
| ശ്രീമതി ഷിജി ജോമോൻ പറപ്പള്ളിൽ | പ്രസിഡന്റ് | 01-06-2020 | 11-11-2020 |
| ശ്രീ ബോബിച്ചൻ കീക്കോലിൽ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ രാജീവ് എസ്. | സെക്രട്ടറി | 01-04-2020 | 01-04-2020 |
| പി. വിജയകുമാരി | സെക്രട്ടറി | 03-04-2020 | 31-05-2020 |
| ഗ്രീസ പി. എ. | സെക്രട്ടറി | 01-06-2020 | 20-02-2021 |
| ജിജി റ്റി. | സെക്രട്ടറി | 24-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സൂര്യമോൾ റ്റി. ആർ. | കൃഷി ഓഫീസർ | 01-04-2020 | 20-07-2020 |
| നീതു തോമസ് | കൃഷി ഓഫീസർ | 21-07-2020 | 31-03-2021 |
| ഡോ. ഉഷ ആർ. | സീനിയർ വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. സിജി വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി.) | 01-04-2020 | 19-02-2021 |
| ഡോ. രേഖ ആർ. | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി.) | 20-02-2021 | 31-03-2021 |
| ഡോ. ഗീത ഡി. | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-01-2021 |
| ഡോ. ജിൻസി | മെഡിക്കൽ | 10-02-2021 | 31-03-2021 |

| | | | |
|---|---|---|---|
| കുര്യാക്കോസ് | ഓഫീസർ(ഹോമിയോ) | | |
| ഡോ. സിസി മൈക്കിൾ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| പ്രജിത കെ.പി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(ചേർപ്പുങ്കൽ) | 01-04-2020 | 31-03-2021 |
| ജെസ്സിൽ കെ. എച്ച് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(കുടല്ലൂർ) | 01-04-2020 | 31-03-2021 |
| ജൊവാൻസി മാത്യു | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| വിജി വിശ്വനാഥ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ലീലാമ്മ ജോസഫ് | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| സിന്ധുദേവി സി. എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ(എൽ.എസ്.ജി.ഡി.) | 01-04-2020 | 31-03-2021 |
| സോണി സി. ഹരിബാൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 19-02-2021 |
| അനീഷ് കുമാർ റ്റി. | അസിസ്റ്റന്റ് സെക്രട്ടറി | 27-02-2021 | 31-03-2021 |
| നൌഷാദ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 17-08-2020 |
| പ്രീതി സി. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 18-08-2020 | 31-03-2021 |

01/04/2020 മുതൽ 31/05/2020 വരെ പഞ്ചായത്ത് വൈസ് പ്രസിഡന്റായ അഖിൽ കെ. രാധാകൃഷ്ണൻ പ്രസിഡന്റ്-ഇൻ-ചാർജായി പ്രവർത്തിച്ചു. 2020 ലെ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് കൊറോണ സാഹചര്യത്തിൽ വൈകിയതിനാൽ 12/11/2021 മുതൽ 20/12/2021 വരെ പഞ്ചായത്ത് അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലായിരുന്നു.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 18-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 20-01-2022) | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Sivaraj P (Senior Grade Auditor, On 18-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 20-01-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 18-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 20-01-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 18-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 20-01-2022) | 1-4 |
| 5 | വാർഷികപദ്ധതി<br>Written By: Sulatha.D (Audit Officer, On 22-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 20-01-2022) | 1-5 |
| 6 | തൊഴിലുറപ്പപദ്ധതി<br>Written By: Sulatha.D (Audit Officer, On 22-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 20-01-2022) | 1-6 |
| 7 | സാമൂഹ്യക്ഷേമ പദ്ധതികൾ<br>Written By: Joshy Thomas (Auditor, On 21-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 20-01-2022) | 1-7 |
| 8 | ക്യാഷ്ബാലൻസ് പരിശോധന<br>Written By: Joshy Thomas (Auditor, On 21-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 20-01-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Sulatha.D (Audit Officer, On 23-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 20-01-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 18-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 20-01-2022) | 1-10 |
| 11 | ക്ളോസ് ചെയ്ത ട്രഷറി അക്കൗണ്ടിൽ തുക ക്രെഡിറ്റ് ചെയ്തു<br>Written By: Joshy Thomas (Auditor, On 22-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 20-01-2022) | 1-11 |
| 12 | വസ്തുനികുതി കുറവായി നിർണയിച്ചു<br>Written By: Joshy Thomas (Auditor, On 22-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 21-01-2022) | 1-12 |
| 13 | സേവന ഉപനികുതി വ്യത്യസ്ത നിരക്കിൽ ഈടാക്കുന്നു<br>Written By: Joshy Thomas (Auditor, On 22-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 21-01-2022) | 1-13 |
| 14 | മൊബൈൽ ടവറിന്റെ പെർമിറ്റ് കാലാവധി പുതുക്കുകയോ അസസ് മെന്റ് ചെയ്യുകയോ ചെയ്തില്ല<br>Written By: Joshy Thomas (Auditor, On 22-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 21-01-2022) | 1-14 |
| 15 | പെർമിറ്റ് അപേക്ഷകളിൽ തുടർനിരീക്ഷണങ്ങൾ നടത്തുന്നില്ല<br>Written By: Joshy Thomas (Auditor, On 22-12-2021) | 1-15 |

| | | |
|---|---|---|
| | Last Updated By: Anju P Natarajan (Computer Assistant, On 21-01-2022) | |
| 16 | വാടക മുറികൾ കൈകാര്യം ചെയ്യുന്നതിൽ വീഴ്ച<br>Written By: Joshy Thomas (Auditor, On 22-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 21-01-2022) | 1-16 |
| 17 | ലൈസൻസെടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Joshy Thomas (Auditor, On 22-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 21-01-2022) | 1-17 |
| 18 | ടെൻഡർഫീസ്- ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭ്യമായിട്ടില്ല<br>Written By: Sulatha.D (Audit Officer, On 22-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 21-01-2022) | 1-18 |
| 19 | കുടിവെള്ള വിതരണം - കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല<br>Written By: Yogesh R (Senior Grade Auditor, On 23-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 21-01-2022) | 1-19 |
| 20 | പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്തപരിശോധന നടത്തേണ്ടതാണ്<br>Written By: Yogesh R (Senior Grade Auditor, On 23-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 21-01-2022) | 1-20 |
| 21 | എൽ.എസ്.ജി.ഡി. എഞ്ചിനിയറിംഗ് വിഭാഗത്തിലെ കരാർ നിയമനം- സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്<br>Written By: Yogesh R (Senior Grade Auditor, On 23-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 21-01-2022) | 1-21 |
| 22 | മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നു<br>Written By: Joshy Thomas (Auditor, On 22-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 21-01-2022) | 1-22 |
| 23 | മഴക്കാല പൂർവ്വശുചീകരണം – ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: Yogesh R (Senior Grade Auditor, On 22-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 21-01-2022) | 1-23 |
| 24 | ടാർവീപ്പകളുടെ വില – നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല<br>Written By: Sulatha.D (Audit Officer, On 23-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 21-01-2022) | 1-24 |
| 25 | പാലിയേറ്റീവ് നേഴ്സിന് ഇൻസെന്റീവ്-സർക്കാർ ഉത്തരവിന് വിരുദ്ധമായി നൽകി<br>Written By: Joshy Thomas (Auditor, On 22-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 21-01-2022) | 1-25 |
| 26 | ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല, വിട്ടുകിട്ടിയ ആസ്തികൾ പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കുന്നതിനുള്ള തീരുമാനങ്ങൾ നടപ്പായിട്ടില്ല<br>Written By: Sulatha.D (Audit Officer, On 23-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 21-01-2022) | 1-26 |
| 27 | പന്ത്രണ്ടാം വാർഡ് ഡിജിറ്റലൈസേഷൻ- പദ്ധതി ഉദ്ദേശ ലക്ഷ്യം കൈവരിച്ചില്ല<br>Written By: Yogesh R (Senior Grade Auditor, On 23-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 21-01-2022) | 1-27 |
| 28 | ഭിന്നശേഷിക്കാർക്ക് പെട്ടിക്കട –ആനുകൂല്യം കൈപ്പറ്റിയ എല്ലാ ഗുണഭോക്താക്കളും പെട്ടിക്കട ഉപയോഗിക്കുന്നില്ല പ്രോജക്റ്റ് ലക്ഷ്യം | 1-28 |

| | | |
|---|---|---|
| | പൂർണ്ണമായും കൈവരിച്ചിട്ടില്ല<br>Written By: Sulatha.D (Audit Officer, On 23-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 21-01-2022) | |
| 29 | പൈപ്പ് ലൈൻ നീട്ടൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: Yogesh R (Senior Grade Auditor, On 22-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 21-01-2022) | 1-29 |
| 30 | സമഗ്ര ശിക്ഷ കേരളം-വിനിയോഗ വിശദാംശമില്ല<br>Written By: Sivaraj P (Senior Grade Auditor, On 20-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 21-01-2022) | 1-30 |
| 31 | കന്നുകുട്ടി പരിപാലനം<br>Written By: Sivaraj P (Senior Grade Auditor, On 20-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 21-01-2022) | 1-31 |
| 32 | അഗതിരഹിത കേരളം-ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചില്ല<br>Written By: Sivaraj P (Senior Grade Auditor, On 22-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 21-01-2022) | 1-32 |
| 33 | ചേർപ്പുങ്കൽ ചകിണിത്തോട് കുളിക്കടവ് ,കട്ടാച്ചിറ,പൂതനാക്കുഴി ചീപ്പ് മെയിന്റനൻസ് - ടെൻഡർ നടപടികളിൽ പഞ്ചായത്തിന്റെ സാമ്പത്തികതാൽപ്പര്യം കണക്കിലെടുത്തില്ല.<br>Written By: Sulatha.D (Audit Officer, On 24-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 21-01-2022) | 1-33 |
| 34 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം<br>Written By: Yogesh R (Senior Grade Auditor, On 22-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 21-01-2022) | 1-34 |
| 35 | ലൈഫ് ഭവന പദ്ധതി മൂന്നാം ഘട്ടം-അവലോകനം<br>Written By: Sivaraj P (Senior Grade Auditor, On 22-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 21-01-2022) | 1-35 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 15-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 21-01-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 15-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 21-01-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sivaraj P (Senior Grade Auditor, On 15-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 21-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sivaraj P (Senior Grade Auditor, On 15-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 21-01-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sivaraj P (Senior Grade Auditor, On 15-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 21-01-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |

| | | |
|---|---|---|
| | Written By: Sivaraj P (Senior Grade Auditor, On 15-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 21-01-2022) | |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sivaraj P (Senior Grade Auditor, On 15-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 21-01-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sivaraj P (Senior Grade Auditor, On 15-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 21-01-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 15-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 21-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sivaraj P (Senior Grade Auditor, On 15-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 21-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sivaraj P (Senior Grade Auditor, On 15-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 21-01-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്-വിശകലനം

2020-21 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 25/03/2020 തീയതിയിലെ 3/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. പിന്നീട് ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് (Budget) | പ്രതീക്ഷിച്ചത് (Revised Budget) | 2020-21 R&P പ്രകാരം |
|---|---|---|---|
| മുന്നിരിപ്പ് | 2,722,250/- | 36,312,181/- | 31,014,258/- |
| വരവ് | 134,396,000/- | 107,441,000/- | 73,852,311/- |
| ആകെ | 137,118,250/- | 143,753,181/- | 104,866,569/- |
| ചെലവ് | 135,524,000/- | 100,716,627/- | 69,670,533/- |
| നീക്കിയിരിപ്പ് | 1,594,250/- | 43,036,554/- | 35,196,036/- |

ബജറ്റ് പ്രകാരം 13.44 കോടി രൂപയുടെ പ്രതീക്ഷിത വരവും 13.55 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2020-21 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം 11.91 കോടി രൂപയും ചെലവ് 11.63 കോടി രൂപയുമാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 119,103,671/- രൂപയും ചെലവ് 116,342,203/- രൂപയും തൻവർഷ പ്രവർത്തന മിച്ചം 2,761,468/- രൂപയുമാണ്. 31/03/2021-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 65,516,417/- രൂപയും ബാധ്യതകളുടെ മൂല്യം 30,670,253/- രൂപയും ജനറൽ ഫണ്ട് 34,846,164/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1.31/03/2021 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

2.പഞ്ചായത്തിന് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ.-ൽ വിവിധ ഗ്രാന്റുകളുടെ മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്ത് രേഖപ്പെടുത്തുന്നില്ല. ഓരോ ഗ്രാന്റുകളിൽ നിന്നും പ്രോജക്റ്റുകൾക്ക് തുക ചെലവഴിക്കുമ്പോൾ പ്രോജക്റ്റിന്റെയും ചെലവ് ബില്ലിന്റെ എല്ലാ വിശദാംശവും എ.സി.ആർ.-ൽ രേഖപ്പെടുത്തി പ്രോഗ്രസീവ് ചെലവ്, ബാലൻസ് എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ആഎ.സി.ആർ.-ൽ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ മുന്നിരിപ്പ്, തൻവർഷ ഇടപാടുകൾ, നീക്കിയിരിപ്പ് എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കേണ്ടതാണ്.

3.സംയുക്ത പ്രോജക്റ്റിനായി ജില്ലാ-ബ്ലോക്ക് വിഹിതം തൻവർഷം പ്രോജക്റ്റ് മാപ്പിങ്ങിലൂടെ ലഭിച്ചതിന്റെ

വിനിയോഗം രേഖപ്പെടുത്തി എ.സി.ആർ. സൂക്ഷിച്ചിട്ടില്ല.

4.പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപോസിറ്റ് തുകകളുടെ(B-7ഷെഡ്യൂൾ) മുന്നിരിപ്പ് വിശദാംശം രജിസ്റ്ററിൽ ലഭ്യമല്ല. കൃത്യമായ മുന്നിരിപ്പ് വിശദാംശങ്ങളുടെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല.

5.സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

6.26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തി-ബാധ്യത നിർണ്ണയം നടത്തി കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല. 15 വാർഡുകളിൽ വിവിധ സ്ഥലങ്ങൾ, കെട്ടിടങ്ങൾ, റോഡ് തുടങ്ങിയവയുള്ള പഞ്ചായത്തിന്റെ 31/03/2021 ലെ ആകെ ആസ്തി ബാങ്ക് നിക്ഷേപമടക്കമുള്ളത് തേയ്മാനം കിഴിച്ച് 6.55 കോടി രൂപ മൂല്യം മാത്രമാണ്.

7.ആസ്തികളുടെ മൂല്യശോഷണം I-17(a) പ്രകാരം മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ കൃത്യത കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കിയിട്ടില്ല. ചില ശീർകങ്ങളിൽ ആസ്തിയിൽ അധികരിച്ച് മൂല്യശേഷണം അക്കൗണ്ട് ചെയ്തതായി കാണുന്നു. പഞ്ചായത്തിന്റെ വാഹനത്തിന്റെ മൂല്യത്തിൽ അധികരിച്ച് മൂല്യ ശോഷണം അക്കൗണ്ട് ചെയ്തിരിക്കുന്നു. കൂടാതെ പഞ്ചായത്ത് വാഹനത്തിന്റെ യഥാർത്ഥ മൂല്യം നിശ്ചിത ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുമില്ല.

8.2020-21 വർഷം റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ആയത് മുഴുവനും ആസ്തിയായി 410300101-Roads-Cement Concrete ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. 252200101-Roads General എന്ന റവന്യൂ ശീർഷകത്തിൽ റോഡുകളുടെ ആസ്തിമൂല്യം അക്കൗണ്ട് ചെയ്യുന്നു. പ്രസ്തുത അക്കൗണ്ടിങ്ങ് അപാകത മൂലം തൻവർഷ റോഡ് ആസ്തികൾ 31/03/2021 ബാലൻസ് ഷീറ്റിൽ പ്രതിഫലിച്ചിട്ടില്ല.

9.31/03/2021 ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം വാടക നിക്ഷേപം(Rent Deposit) 27,243/- രൂപയാണ് പഞ്ചായത്ത് ഫണ്ടിലുള്ളത്. എന്നാൽ 2020-21 വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം പല കുത്തകക്കാരും വാടക നിക്ഷേപം ഒടുക്കിയിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തു കണക്കുകളുടെ കൃത്യത വ്യക്തമല്ല.

10.വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

11.I-18 പ്രകാരം മുൻവർഷ ഇനമായി ക്രമീകരിച്ച തുകകളുടെ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയതിന് അടിസ്ഥാനമായ വിശദീകരണമോ രേഖകളോ ലഭ്യമല്ല. വസ്തുനികുതിയും സർവ്വീസ് സെസ്സും മുൻവർഷങ്ങളിലെ ഡിമാന്റ് Prior Period ഇനമായി ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ വിശദാംശം ലഭ്യമല്ല.

12.വിവിധ അഡ്വാൻസ്/ഡെപോസിറ്റ് മുന്നിരിപ്പ് തുകകളുടെ വിനിമയം ഡെപോസിറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അഡ്വാൻസ്/ഡെപോസിറ്റ് തുകകളുടെ വിനിമയവും ക്രമീകരണവും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

13.ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് 31/03/2021 ബാലൻസ് ഷീറ്റ് പ്രകാരം 478,135/- രൂപയിൽ 2020-21 ലെ മുന്നിരിപ്പും അവശേഷിക്കുന്നുണ്ട്. മുന്നിരിപ്പ് ഏതെല്ലാം പ്രോജക്ട് പാർട്ട് ബില്ലുകളാണെന്ന് വിശദീകരിക്കപ്പെട്ടിട്ടില്ല.

14.പഞ്ചായത്ത് മൂന്നാം വാർഡിലെ ശാന്തിതീരം ശ്മശാന നിർമ്മാണത്തിനായി അസിസ്റ്റന്റ് എഞ്ചിനീയറുടെയും സെക്രട്ടറിയുടെയും വിവിധ പ്രോജക്ടുകളിലൂടെ തുക ചെലവഴിക്കുന്നത്. 2020-21

പ്രോജക്ട് പൂർത്തിയായിട്ടില്ലാത്ത പ്രവൃത്തിയുടെ ബില്ലുകൾ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ആയി അക്കൗണ്ട് ചെയ്തില്ല.

15.190/21 നം. പ്രോജക്ടിന്റെ ചെലവ് സുലേഖ ചെലവ് പത്രികയിൽ ഇരട്ടിപ്പ് വന്നിരിക്കുന്നു. കണക്കുകൾ പ്രകാരം 89,266/- രൂപയാണ് ചെലവായി അക്കൗണ്ട് ചെയ്തിരിക്കുന്നത്. എന്നാൽ ഫയൽ പ്രകാരം ചെലവ് 44,633/- രൂപയാണ്.

16.മറ്റ് ഗ്രാമപഞ്ചായത്ത് വിഹിതം 3 ലക്ഷം രൂപ ക്യാപ്പിറ്റൽ ചെലവിനായി ലഭിച്ചത് റവന്യൂ ചെലവിനായി ലഭിച്ച തുക അക്കൗണ്ട് ചെയ്യുന്ന ശീർഷകത്തിൽ(320700203) അക്കൗണ്ട് ചെയ്തിരിക്കുന്നു.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2020-21 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 31,014,258/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 73,852,311/- |
| ആകെ | 104,866,569/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 69,670,533/- |
| നീക്കിയിരിപ്പ് | 35,196,036/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 607,000/- |

## 1-4 ഫണ്ട് വിനിയോഗം

കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം ധനകാര്യ പത്രിക പ്രകാരമുള്ളതും ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 11,916,000/- | 11,916,000/- | 11,916,000/- | 0 | 100 |
| വികസന ഫണ്ട്-SCSP | 0 | 3,339,000/- | 3,339,000/- | 2,707,789/- | 631,211/- | 81.1 |
| വികസന ഫണ്ട്-TSP | 0 | 76,545/- | 76,545/- | 65,000/- | 11,545/- | 84.92 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 0 | 4,650,000/- | 4,650,000/- | 435,164/- | 4,214,836/- | 9.36 |
| ധനകാര്യ കമ്മീഷൻ | 0 | 8,521,854/- | 8,521,854/- | 5,885,867/- | 2,635,987/- | 69.07 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ്(Untied) | | | | | | |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 10,305,000/- | 10,305,000/- | 10,294,359/- | 10,641/- | 99.90 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 3,952,000/- | 3,952,000/- | 3,834,679/- | 117,321/- | 97.03 |
| സമ്പൂർണ്ണ ശുചിത്വ പരിപാടി | 114,000/- | 0 | 114,000/- | 114,000/- | 0 | - |
| ICDS ഫണ്ട് | 147,208/- | 642,475/- | 789,683/- | 594,476/- | 195,207/- | - |
| PYCKA ഫണ്ട് | 70,717/- | 1,942/- | 72,659/- | 0 | 72,659/- | - |
| അംഗൻവാടി ഗ്രാന്റ് | 552/- | 0 | 552/- | 0 | 552/- | - |
| സാക്ഷരത ഗ്രാന്റ് | 2,247/- | 90/- | 2,337/- | 0 | 2,337/- | - |
| ഖരമാലിന്യ സംസ്കരണ ഗ്രാന്റ് | 214,786/- | 0 | 214,786/- | 0 | 214,786/- | - |
| സമ്പൂർണ്ണ ശുചിത്വ ഫണ്ട് | 920,630/- | 2,040,084/- | 2,960,714/- | 915,709/- | 2,045,005/- | - |
| ലൈഫ് സർക്കാർ ഫണ്ട് | 0 | 3,422,094/- | 3,422,094/- | 1,888,761/- | 1,533,333/- | - |
| ധനകാര്യ ഗ്രാന്റ്(KSFE) | 0 | 30,000/- | 30,000/- | 30,000/- | 0 | - |

25/03/2021 ലെ സ.ഉ.(സാധാ) നം.2904/2021/ധന പ്രകാരം വികസനഫണ്ട് 90 ശതമാനത്തിലധിക ചെലവഴിച്ചതിന് അധിക ഗ്രാന്റ് തുകയായി പൊതുവിഭാഗത്തിൽ 13.24 ലക്ഷം രൂപയും പട്ടികവർഗ്ഗ(TSP) ഫണ്ടിൽ 8,125/- രൂപയും ബഡ്ജറ്റിൽ അധികരിച്ച് അലോട്ട്മെന്റ് ലഭിച്ചു. 29/03/2021 ലെ സ.ഉ.(സാധാ) നം.3099/2021/ധന പ്രകാരം വികസനഫണ്ട് പട്ടികജാതി(TSP) ഫണ്ടിൽ 3,420/- രൂപ അലോട്ട്മെന്റ് ലഭിച്ചു. 18/02/2021 ലെ G.O.(Rt) No.1512/2021/Fin പ്രകാരം 2019-20 വർഷം ലാപ്സായ ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകയിൽ 3,871,854/- രൂപ അധിക അലോട്ട്മെന്റായി ലഭിച്ചു. വികസന ഫണ്ട്,ധനകാര്യ കമ്മീഷൻ ഗ്രാന്റ് അധിക അലോട്ട്മെന്റ് ലഭിച്ചതിന്റെയും വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ് എന്നിവയുടെ അലോട്ട്മെന്റിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുകകളുടെയും കണക്കുകളുടെ വിശദാംശം ചുവടെ പട്ടികയിൽ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് -ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | അധിക/ ക്യാരി ഓവർ അലോട്ട്മെന്റ് | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക G.O. Project | ആകെ അറ്റ അലോട്ട്മെന്റ് ACR |
|---|---|---|---|---|---|
| വികസന ഫണ്ട്- General | 10,692,000/- | 1,324,000/- | 11,916,000/- | 273/21-923,600/-<br>271/21-263,294/-<br>1,226,894/- | 10,689,106/- |
| വികസന ഫണ്ട്- | 3,339,000/- | ഇല്ല | 3,339,000/- | 272/21-29,333/-<br>29,333/- | 3,309,667/- |

| | | | | | |
|---|---|---|---|---|---|
| SCSP | | | | | |
| വികസന ഫണ്ട്-TSP | 65,000/- | 8,125/-<br>3,420/- | 76,545/- | ഇല്ല | 76,545/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 4,650,000/- | ഇല്ല | 4,650,000/- | ഇല്ല | 4,650,000/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 4,650,000/- | 3,871,854/- | 8,521,854/- | ഇല്ല | 8,521,854/- |
| സംരക്ഷണ ഗ്രാന്റ്-Road | 10,305,000/- | ഇല്ല | 10,305,000/- | ഇല്ല | 10,305,000/- |
| സംരക്ഷണ ഗ്രാന്റ്-Non Road | 3,952,000/- | ഇല്ല | 3,952,000/- | Voting Machine 39,971/- | 3,912,029/- |

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൌണ്ട് ചെയ്യുതിലയും ജി.ഓ. പ്രോജക്ടുകൾ ക്രമീകരിച്ചതിലെയും അപാകതകൾ താഴെ ചേർക്കുന്നു.

- 25/03/2021 ലെ സ.ഉ.(സാധാ) നം.2904/2021/ധന പ്രകാരം വികസനഫണ്ട് 90 ശതമാനത്തിലധിക ചെലവഴിച്ചതിന് അധിക ഗ്രാന്റ് തുകയായി പട്ടികവർഗ്ഗ(TSP) ഫണ്ടിൽ 8,125/- രൂപയും 29/03/2021 ലെ സ.ഉ.(സാധാ) നം.3099/2021/ധന പ്രകാരം വികസനഫണ്ട് പട്ടികജാതി(TSP) ഫണ്ടിൽ 3,420/- രൂപയും ഉൾപ്പടെ ആകെ 11,545/- അലോട്ട്മെന്റ് ലഭിച്ചു. പ്രസ്തുത അലോട്ട്മെന്റുകൾ അക്കൗണ്ട് ചെയ്യാതിരുന്നതിനാൽ ഗ്രാന്റ് പത്രികയിലും എ.സി.ആറിലും പ്രതിഫലിച്ചിട്ടില്ല.
- 03/08/2020 ലെ സ.ഉ.(സാധാ) നം.4444/2020/ധന പ്രകാരം സംരക്ഷണ ഗ്രാന്റ്-Non Road രണ്ടാം ഗഡു 1,317,300/- രൂപയിൽ വോട്ടിങ്ങ് മെഷീൻ ചാർജ് ഇനത്തിൽ 39,971/- രൂപ സ്രോതസ്സിൽ കുറവ് ചെയ്ത് അറ്റ തുക 1,277,329/- രൂപയാണ് ലഭിച്ചത്. ടി തുക ജി.ഓ. പ്രോജക്ടായി ക്രമീകരിക്കാതിരുന്നതിനാൽ പ്രസ്തുത ചെലവ് ഗ്രാന്റ് പത്രികയിലും ചെലവ് പത്രികയിലും ധനകാര്യ പത്രികയിലും(I&E പത്രിക) പ്രതിഫലിച്ചിട്ടില്ല. ഗ്രാന്റ് പത്രികയിലെ നീക്കിയിരിപ്പിൽ സ്രോതസ്സിൽ കുറവ് ചെയ്ത 39,971/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.
- ഗ്രാന്റ് പത്രികയിലെ മേഖലാടിസ്ഥാനത്തിലുള്ള അലോട്ട്മെന്റ്-ചെലവ് കണക്കുകൾ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
- പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയത്തിന്റെ കൃത്യത വ്യക്തമാക്കുന്ന 2020-21 ലെ വരവ്-ചെലവ്-തിരിച്ചടവ് കണക്കുകൾ, വിശദാംശങ്ങൾ, ഇടപാടുകളുടെ വാർഷിക സംക്ഷിപ്തം എന്നിങ്ങനെ എല്ലാ വിശദാംശവും ഉൾപ്പെടുത്തി ഓരോ ശീർഷകത്തിന്റെയും എ.സി.ആർ. തയ്യാറാക്കിയിട്ടില്ല. നിശ്ചിത രജിസ്റ്ററിൽ എ.സി.ആർ. തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ കണക്കിൽ മേൽവിവരിച്ച വ്യത്യാസങ്ങൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 വാർഷികപദ്ധതി

കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21-ലെ വാർഷികപദ്ധതിക്ക് 25-3-20-ലെ 1(1)- നമ്പർ

തീരുമാനപ്രകാരം ഭരണാനുമതിയും ജില്ലാ ആസൂത്രണസമിതിയുടെ 03.02.21 ലെ ഉത്തരവ് നം.80898/20 /DPC/DPO/KTM പ്രകാരം പുതുക്കിയ അംഗീകാരവും ലഭിച്ചിട്ടുണ്ട്. 6-1-20-ൽ ആസൂത്രണസമിതി യോഗം ചേർന്ന് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാഥമികകാര്യങ്ങൾ ചർച്ചചെയ്തു. പദ്ധതിരൂപീകരണത്തിന്റെ ഭാഗമായി ഊരുകൂട്ടയോഗം, വികലാംഗഗ്രാമസഭ, എന്നിവ നടത്തുന്നതിനുള്ള തീയതികൾ നിശ്ചയിച്ചിരുന്നുവെങ്കിലും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പ്രായോഗിക ബുദ്ധിമുട്ട് കാരണം പ്രസ്തുത യോഗങ്ങൾ തൻവർഷം നടത്തിയിട്ടില്ല. 7-3-20-ൽ വികസനസെമിനാർ നടത്തുകയുണ്ടായി. പദ്ധതിരൂപീകരണത്തിന്റെ മറ്റ് പ്രവർത്തനഘട്ടങ്ങൾ താഴെ ചേർക്കുന്നു.

വാർഷികപദ്ധതിരൂപീകരണഘട്ടങ്ങൾ

| പ്രവർത്തനഘട്ടം | നടത്തിയ തീയതി |
|---|---|
| ആസൂത്രണസമിതിയോഗം | 21.12.2019 |
| വർക്കിംഗ് ഗ്രൂപ്പുയോഗം | 6-1-20 |
| ദുരന്തനിവാരണ വർക്കിംഗ് ഗ്രൂപ്പുയോഗം | 6-1-20, 22-1-20 |
| പദ്ധതിരൂപീകരണഗ്രാമസഭകൾ | 9-2-20 മുതൽ 16-2-20 വരെ |
| വയോജനഗ്രാമസഭ | 5-2-20 |
| ഭിന്നശേഷി ഗ്രാമസഭ | 5-2-20 |
| മത്സ്യസഭ | ഇല്ല |
| ഊരുകൂട്ടയോഗം | 22.02.2020 |
| ദുരന്തനിവാരണവുമായി ബന്ധപ്പെട്ട പ്രത്യേക വികസനസെമിനാർ | 5-3-20 |
| വികസനസെമിനാർ | 7-3-20 |
| വാർഷികപദ്ധതി അംഗീകാരം | 25-3-20 |

വാർഷികപദ്ധതി -വരവുചെലവുകണക്കുകൾ

ആകെ 222 പ്രോജക്ടുകൾക്ക് അംഗീകാരം കിട്ടിയതിൽ ഉറവിടത്തിൽ കുറവുചെയ്ത തുകകൾക്ക് സർക്കാർ ഉത്തരവുപ്രകാരം ആവിഷ്ക്കരിച്ചതുൾപ്പെടെ ,പൂർണ്ണമായോ ഭാഗികമായോ നടപ്പാക്കിയ 182 പ്രോജക്ടുകൾക്കുവേണ്ടി മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വിവിധഫണ്ടിനങ്ങളിലായി ആകെ രൂപ 12,12,13,591/- വകയിരുത്തിയതിൽ 5,09,87,721/- രൂപയേ തൻവർഷം ചെലവഴിക്കാനായിട്ടുള്ളൂ. വകയിരുത്തലിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതിചെലവ് 42.06 ശതമാനം മാത്രമാണ്. വാർഷികപദ്ധതിക്കായി 1കോടിയിലധികം രൂപ തനതുഫണ്ട് വകയിരുത്തിയിരുന്നെങ്കിലും 38.47 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. കൂടാതെ ബ്ലോക്ക്/ ജില്ലാപഞ്ചായത്തുകളുടെ വിഹിതമായി വാർഷികപദ്ധതിക്കായി അധികതുക
വകയിരുത്തിയിരുന്നുവെങ്കിലും പ്രസ്തുത തുക ലഭിക്കാതിരിക്കുകയോ ലഭിച്ച തുക പൂർണ്ണമായും ചെലവഴിക്കാതിരുന്നതുമെല്ലാം ചെലവുശതമാനം കുറയാനിടയായി.

നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ

നിർവ്വഹണചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ പദ്ധതിചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം കിട്ടിയ പ്രോജക്കുകൾ | തുക ചെലവഴിച്ചിട്ടുള്ളവ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 5641850 | 2310609 | 40.95 |
| വെറ്ററിനറി സർജൻ | 10 | 8 | 6201800 | 2714540 | 43.77 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 4 | 2 | 707382 | 448635 | 63.42 |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | 2 | 2 | 165000 | 165000 | 100 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 3 | 3 | 780000 | 780000 | 100 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 534000 | 82749 | 15.49 |
| വി.ഇ.ഓ | 7 | 6 | 42011924 | 8906302 | 21.19 |
| വി.ഇ.ഓ | 12 | 11 | 2399600 | 1571085 | 74.46 |
| ഐസിഡിഎസ് സൂപ്പർവൈസർ | 9 | 7 | 5453082 | 4060787 | 59.24 |
| സെക്രട്ടറി | 37 | 22 | 10411843 | 4804344 | 46.14 |
| ഹെഡ് മാസ്റ്റർ | 9 | 9 | 1120158 | 1092661 | 97.54 |
| അസിസ്റ്റന്റ് എൻജിനീയർ | 110 | 94 | 42922382 | 22422440 | 65.47 |
| ഡയറി ഫാം ഡയറി എക്സ്റ്റൻഷൻഓഫീസർ | 3 | 3 | 1330000 | 788000 | 52.23 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 6 | 1534570 | 840569 | 54.77 |
| ആകെ | 222 | 182 | 121213591 | 50987721 | 42.06 |

സർക്കാർഗ്രാന്റുകളുടെ വിനിയോഗവിവരം-

വാർഷികപദ്ധതിക്കായി ലഭ്യമായ വിവിധ സർക്കാർ ഗ്രാന്റുകളുടെ വരവുചെലവുകണക്കുകൾ ചുവടെ ചേർക്കുന്നു

| ഫണ്ട് വിഭാഗം | ചെലവുശതമാനം | നഷ്ടമായ തുക |
|---|---|---|
| വികസനഫണ്ട്-ജനറൽ | 100 | ഇല്ല |
| വികസനഫണ്ട് -പട്ടികജാതി വിഭാഗം | 81% | 631,211/- |
| പട്ടികവർഗ്ഗവിഭാഗം | 84.9 | 11,545/- |
| ധനകാര്യക്കമ്മീഷൻ അവാർഡ് ( ടൈഡ് ഗ്രാന്റ് ) | 9.35 | 4,214,836/- |
| ധനകാര്യക്കമ്മീഷൻ അവാർഡ് ( അൺ ടൈഡ് | 69% | 2,635,987/- |

| | | |
|---|---|---|
| ഗ്രാന്റ്) | | |
| സംരക്ഷണഗ്രാന്റ് (റോഡ്) | 99.89 | 10,641/- |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 97 | 117,321/- |

ലഭ്യമായ പൊതുവിഭാഗം വികസനഫണ്ട് വിഹിതം 100 ശതമാനവും റോഡ്/റോഡിതര സംരക്ഷണഗ്രാന്റുകൾ യഥാക്രമം 99.89, 97 ശതമാനം വീതവും വാർഷികപദ്ധതിക്കായി ചെലവഴിക്കാനായത് വാർഷികപദ്ധതിയുടെ നേട്ടമായി കാണാവുന്നതാണ്. എന്നാൽ ധനകാര്യക്കമ്മീഷൻഗ്രാന്റ് (ടൈഡ്) തുക 10 ശതമാനത്തിൽ താഴെ മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ആയതിനാൽ ടൈഡ് ,അൺടൈഡ് വിഭാഗത്തിൽലഭ്യമായ ധനകാര്യക്കമ്മീഷൻ അവാർഡ്തുകയിൽ ( 1,31,71,854/-) 68.5 ലക്ഷത്തിലധികം രൂപ ലാപ്സായിട്ടുണ്ട്. ഫണ്ട് നഷ്ടമാകാനിടയായ സാഹചര്യം പുനപരിശോധിക്കേണ്ടതും പരിഹാരനടപടികൾ സ്വീകരിച്ച് പ്രസ്തുത സാഹചര്യം തുടർന്നുള്ള വർഷങ്ങളിൽ ഒഴിവാക്കേണ്ടതുമാണ്.

നിർവ്വഹണോദ്യോഗസ്ഥരും പദ്ധതിനിർവ്വഹണപ്രവർത്തനങ്ങളും

അസിസ്റ്റന്റ് എൻജിനീയർക്ക് നിർവ്വഹണ ചുമതലയുണ്ടായിരുന്ന 110പ്രോജക്ടുകളിൽ 94 പ്രോജക്ടുകൾക്കുവേണ്ടിയും തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലുകളും അനുബന്ധരേഖകളും കൃത്യതയോടെ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. വിശ്രാന്തി സമഗ്ര ശ്മശാന നവീകരണ പദ്ധതിയെന്ന പേരിൽ ആരംഭിച്ച ഗ്യാസ്ക്രിമറ്റോറിയത്തിന്റെ പണി പൂർത്തീകരണഘട്ടത്തിലായത് ഈ വാർഷികപദ്ധതിയിലാണ്. എന്നാൽ 2014-15ൽ ആവിഷ്കരിച്ചതും മുടങ്ങിപ്പോയതുമായ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണപദ്ധതി ഓഡിറ്റ് കാലയളവിലും പുനരാരംഭിക്കാനായിട്ടില്ല. തുടർമോണിറ്ററിംഗ് നടക്കുന്നില്ലാത്തതിനാൽ ഐസിഡിഎസ് സൂപ്പർവൈസർ നടപ്പാക്കിയ ഭിന്നശേഷിക്കാർക്ക് പെട്ടിക്കട എന്ന പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് കാണുന്നു. ജന്റർ ആക്ടിവിറ്റീസ് എന്ന പ്രോജക്ടിന്റെ ഭാഗമായി തൻവർഷം 72777/-രൂപചെലവഴിച്ചിട്ടുണ്ടെങ്കിലും മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള പദ്ധതിപ്രവർത്തനങ്ങൾ നടന്നിട്ടുള്ളതായി കാണുന്നില്ല.

അസിസ്റ്റന്റ് എൻജിനീയർക്ക് നിർവ്വഹണ ചുമതലയുണ്ടായിരുന്ന 110പ്രോജക്ടുകളിൽ 94 പ്രോജക്ടുകൾക്കുവേണ്ടിയും തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലുകളും അനുബന്ധരേഖകളും കൃത്യതയോടെ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. വിശ്രാന്തി സമഗ്ര ശ്മശാന നവീകരണ പദ്ധതിയെന്ന പേരിൽ ആരംഭിച്ച ഗ്യാസ്ക്രിമറ്റോറിയത്തിന്റെ പണി പൂർത്തീകരണഘട്ടത്തിലായത് ഈ വാർഷികപദ്ധതിയിലാണ്. എന്നാൽ 2014-15ൽ ആവിഷ്കരിച്ചതും മുടങ്ങിപ്പോയതുമായ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണപദ്ധതി ഓഡിറ്റ് കാലയളവിലും പുനരാരംഭിക്കാനായിട്ടില്ല. തുടർമോണിറ്ററിംഗ് നടക്കുന്നില്ലാത്തതിനാൽ ഐസിഡിഎസ് സൂപ്പർവൈസർ നടപ്പാക്കിയ ഭിന്നശേഷിക്കാർക്ക് പെട്ടിക്കട എന്ന പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് കാണുന്നു. ജന്റർ ആക്ടിവിറ്റീസ് എന്ന പ്രോജക്ടിന്റെ ഭാഗമായി തൻവർഷം 72777/-രൂപചെലവഴിച്ചിട്ടുണ്ടെങ്കിലും മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള പദ്ധതിപ്രവർത്തനങ്ങൾ നടന്നിട്ടുള്ളതായി കാണുന്നില്ല.

1-6 തൊഴിലുറപ്പുപദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2020-21 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും തൊഴിലാളികളെയും ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2020-21 വർഷത്തെ ലേബർ ബജറ്റ് പ്രകാരം ആകെ 312 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 218 പദ്ധതികളിൽ 208എണ്ണം പൂർത്തീകരിച്ചു. 2020-21 വർഷം 15

ഗ്രാമസഭകൾ കൂടുകയും സോഷ്യൽ ഓഡിറ്റ് നടത്തുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം 32003തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2020-21 വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ 47% ആണ്. 675 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി നിർമ്മാണം, കല്ല് കയ്യാല നിർമ്മാണം, നവീകരണം മുതലായവയാണ് തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. 2020-21 വർഷത്തെ വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു. കണക്കുകൾ വാർഷികകണക്കു പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നുണ്ട്.

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2846 | 745051 | 747897 | 743054 | 4843 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 12345349 | 12345349 | 12345349 | 0 |
| ആകെ | 2846 | 13090400 | 13093246 | 13088403 | 4843 |

## 1-7 സാമൂഹ്യക്ഷേമ പദ്ധതികൾ

2020-21 വർഷം കിടങ്ങൂർ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 960/- | 1 |
| വാർദ്ധക്യകാലപെൻഷൻ | 23,315,300/- | 1690 |
| കർഷകതൊഴിലാളി പെൻഷൻ | 1,824,300/- | 122 |
| വിധവാപെൻഷൻ | 7,907,900/- | 538 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 562,300/- | 41 |
| വികലാംഗപെൻഷൻ | 3,848,300/- | 255 |
| വിവാഹ ധനസഹായം | 60,000/- | 2 |

## 1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം 2020-21 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 14/12/2021-ന് 04:00 PM സമയത്ത് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 50,581/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഭരണപരവും വികസനപരവുമായ കാര്യങ്ങളിൽ തീരുമാനങ്ങളെടുക്കുന്നുണ്ടെങ്കിലും തീരുമാനങ്ങൾ സമയബന്ധിതമായി

നടപ്പിൽവരുത്തുന്നതിൽ ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാകേണ്ടതുണ്ട്. വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാകൈമാറ്റം നടത്തുന്നുണ്ട്. ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകൾ, എഫ്.ഡി രജിസ്റ്റർ ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ യഥാവിധി പരിപാലിക്കാത്തത് അപാകതകളായി ഓഡിറ്റ് വീക്ഷിക്കുന്നു. നിർവ്വഹണോദ്യോഗസ്ഥന്മാരുടെ ഫയൽ സൂക്ഷിപ്പ് തൃപ്തികരമാണ്.

*നിയമാനുസരണം പാസ്സാക്കപ്പെട്ട ബജറ്റിലൂടെ ഗ്രാമപഞ്ചായത്ത് അതിന്റെ വരവുചെലവുകളെ പൊതുവായി മോണിട്ടർ ചെയ്യുന്നുണ്ടെങ്കിലും ധനവിനിയോഗത്തിലെ സമ്പൂർണ്ണ നിയന്ത്രണത്തിനുള്ള ഒരു ഉപാധി എന്ന നിലയിലുള്ള ബജറ്ററി കൺട്രോൾ സംവിധാനം നിലനിൽക്കുന്നില്ല.

*ധനകാര്യ രേഖകളും പത്രികകളും സ്ഥാപനത്തിന്റെ എല്ലാ ധനകാര്യ ഇടപാടുകളെയും പ്രവർത്തനങ്ങളേയും പൊതുവായി പ്രതിഫലിപ്പിക്കുന്നുണ്ടെങ്കിലും ആസ്തി/ബാധ്യതകളെ ശരിയായി പ്രതിഫലിപ്പിക്കുന്നില്ല.

*വൗച്ചറുകൾ തയ്യാറാക്കി ചെലവുനടന്ന ക്രമത്തിൽ നമ്പരിട്ട് ബയന്റ് ചെയ്ത് സൂക്ഷിക്കുന്നുണ്ട്.

* ഗ്രാമപഞ്ചായത്ത് ധന ഇടപാട് നടത്തുന്ന എല്ലാ ബാങ്ക് അക്കൗണ്ടുകളും സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിലവിലുള്ള എല്ലാ അക്കൗണ്ടുകളുടേയും ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

*പണം സ്വീകരിക്കുന്നതിന് മാനുവൽ രസീതുകൾക്ക് പുറമെ മെഷീൻ പ്രിന്റ് ചെയ്ത രസീതുകൾ ഉപയോഗിക്കുന്നു. കമ്പ്യൂട്ടർ സ്റ്റേഷനറി സ്റ്റോക്കിൽ ചേർത്ത് സൂക്ഷിക്കുന്നുണ്ട്. കളക്ഷൻ തുകകൾ കൃത്യ സമയത്ത് തന്നെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നുണ്ട്. ആയത് മേൽപരിശോധന നടത്തുന്നുമുണ്ട്.

*പഞ്ചായത്തിൽ ലഭിക്കുന്ന ചെക്ക്/ഡി.ഡി -കൾ സമയബന്ധിതമായി ബാങ്കിൽ നിക്ഷേപിക്കുന്നുണ്ട്.

*വസ്തുനികുതി,വാടക എന്നീയിനങ്ങളിൽ കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് ക്യാമ്പ് കളക്ഷൻ ഉൾപ്പെടെ പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. കോവിഡ്സാഹചര്യവും പ്രസ്തുത സാഹചര്യംമൂലം അനുവദിക്കപ്പെട്ട ഇളവുകളും മൂലം പിരിവ്ശതമാനത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

*വാടകവരവ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ആഭ്യന്തരനിയന്തരനിയന്ത്രണസംവിധാനത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല. ബിഎസ്എൻഎൽ.കെ.എസ്ടി.ബി മുതലായ സർക്കാർ/ അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ വാടകകുടിശ്ശിക ഈടാക്കാത്തത്, കീഴ് വാടകസമ്പ്രദായം ,കുറഞ്ഞനിരക്കിലുള്ള വാർഷികവർദ്ധന വാടകബൈലോ കാലാനുസൃമായി പരിഷ്കരിക്കാത്തതുമെല്ലാം അപാകതയായി വിലയിരുത്തുന്നു. കൂടാതെ മുൻവർഷങ്ങളിൽ നിലനിന്നിരുന്ന കീഴ് വാടക സമ്പ്രദായം ഓഡിറ്റ് വർഷവും നിലനിന്നിരുന്നു എന്നതും ഈവിഷയവുമായി ബന്ധപ്പെട്ട് എടുത്തുപറയേണ്ട അപാകതതന്നെയാണ്.

*ഭരണപരവും കാര്യങ്ങളിൽ തീരുമാനങ്ങളെടുക്കുന്നതിലും സമയബന്ധിതമായി നടപ്പിൽവരുത്തുന്നതിലും ആഭ്യന്തരനിയന്ത്രണസംവിധാനത്തിന്റെ പ്രവർത്തനം കാര്യക്ഷമമാണ്. വാർഷികപദ്ധതി ഉൾപ്പെടെയുള്ള വികസനപ്രവർത്തനങ്ങളിലും സർക്കാർ ഗ്രാന്റുകളുടെ പരമാവധി വിനിയോഗം ഉറപ്പുവരുത്തുന്നതിലും സ്ഥാപനത്തിലെ ആഭ്യന്തരനിയന്ത്രണസംവിധാനത്തിന്റെ പ്രവർത്തനം തൃപ്തികരമാണ്. മെച്ചപ്പെട്ട പ്രവർത്തനം ഉണ്ടെങ്കിലും പ്രോജക്കുകളുടെ തുടർനിരീക്ഷണത്തിലും പരിപാലനത്തിലും ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാകേണ്ടതുണ്ട്.

*കൃത്യമായ ഓഫീസ് ഉത്തരവിലൂടെ പഞ്ചായത്ത് കൈകാര്യം ചെയ്യുന്ന എല്ലാ കാര്യങ്ങളും വിവിധ

ജീവനക്കാർക്ക് ഇനം തിരിച്ച് ഏൽപ്പിച്ച നൽകുകയും പ്രത്യക സാഹചര്യങ്ങളിൽ ചുമതലകൾ പുനർനിർണ്ണയിക്കുകയും ചെയ്യുന്നുണ്ട്.

റിപ്പോർട്ടിൽ അപാകത ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ള വിവധ വിഷയങ്ങളിൽ സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം കൂടുതൽ കാര്യക്ഷമവും കുറമറ്റതുമാകുന്നതിനുള്ള നടപടികളുണ്ടാകേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനഓഡിറ്റ് നടത്തിയതീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27/11/2020 -28/11/2020 | മാർച്ച്-2020 | റിപ്പോർട്ട് ലഭിച്ചു |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28/03/2016 – 13/04/2016 | 2010-11 മുതൽ 2014-15 വരെ | LBA(HQ) 8A-2976/22 തീയതി 12/05/2016 |

1-11 ക്ളോസ് ചെയ്ത ട്രഷറി അക്കൗണ്ടിൽ തുക ക്രെഡിറ്റ് ചെയ്തു

ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് / ട്രഷറി അക്കൗണ്ടുകളുടെ പരിശോധനയിൽ 708051400000003 എന്ന STSB അക്കൗണ്ടിൽ 25,990/- രൂപ 22.7.2021, 23.7.2021 തീയതികളിലായി വരവായതായി കാണുന്നു. മേൽട്രഷറി അക്കൗണ്ട് 04.05.2020 ൽ സർക്കാർ ഉത്തരവ് അനുസരിച്ച് ക്ലോസ് ചെയ്തിട്ടുള്ളതും അവശേഷിച്ചിരുന്ന തുക പുതുതായി ആരംഭിച്ച എൽജിടിഎസ്ബി അക്കൌണ്ടിലേക്ക് മാറിയിട്ടുള്ളതുമാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ഈ തുകകൾ EPOC Clearance Bill എന്ന റിമാർക്സിൽ അക്കൗണ്ടിൽ ക്രെഡിറ്റായ തുകകളാണെന്നും തുക സംബന്ധിച്ച വിശദാംശങ്ങൾ ട്രഷറിയിൽ നിന്നും ലഭ്യമായിട്ടില്ലെന്നും മറുപടി ലഭിച്ചു. ഇതു കൂടാതെ ഈ തുകകളുടെ വിശദാംശം ലഭ്യമാക്കുന്നതിനും ഈ തുകകൾ നിലവിലെ എൽജിടിഎസ് ബി അക്കൗണ്ടിലേക്ക് മാറ്റുന്നതിനും നടപടികൾ സ്വീകരിക്കണമെന്ന് ട്രഷറിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതും പഴയ എസ് ടിഎസ്ബി അക്കൗണ്ട് ക്ലോസ് ചെയ്തുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.

1-12 വസ്തുനികുതി കുറവായി നിർണയിച്ചു

വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. ന് മുകളിലുള്ള ഹോട്ടൽ, ഷോപ്പുകൾ, റെസ്റ്റോറന്റുകൾ,ഗോഡൗൺ എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് 30/ച.മീ എന്ന നിരക്കിലും 100 ച.മീ. ന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 50/ച.മീ. എന്ന നിരക്കുമാണ് പഞ്ചായത്തിൽ ഈടാക്കുന്നത്. വസ്തുനികുതി പരിശോധനയിൽ ശ്രീ. സിറിൽ ഫിലിപ്പ്, കുറുമുണ്ടയിൽ, ശ്രീ ജോബിമോൻ, ചാലിശേരിൽ എന്നീ വ്യക്തികളുടെ പേരിലുള്ളതും 100ച.മീ കൂടുതൽ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങൾക്ക് 100 ച.മീറ്ററിൽ താഴെയുള്ള കെട്ടിടം എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണയിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കെട്ടിട നം. 6/85 A

കെട്ടിട ഉടമ-സിറിൽ ഫിലിപ്പ്

വിസ്തീർണ്ണം-291.68ച.മീ.

നിർണ്ണയിച്ച വസ്തുനികുതി

നിർണയിച്ച വസ്തുനികുതി നിരക്ക്- 30/ച.മീ.

അടിസ്ഥാന വസ്തുനികുതിയുള്ള വർദ്ധനവ്-20% (വഴി സൗകര്യം)

ലൈബ്രറി സെസ്-5%

സേവന ഉപനികുതി- 15%

നിർണയിച്ച വസ്തുനികുതി-291.68X30=8750.4+1750.08 (20% വർദ്ധനവ്)=10501 +525.05(5% LC)+1575.15(സേവന ഉപനികുതി)=12602

നിർണ്ണയിക്കേണ്ട വസ്തുനികുതി

നിർണയിക്കേണ്ട വസ്തുനികുതി നിരക്ക്- 50/ച.മീ.

അടിസ്ഥാന വസ്തുനികുതിയുള്ള വർദ്ധനവ്-20% (വഴി സൗകര്യം)

ലൈബ്രറി സെസ്-5%

സേവന ഉപനികുതി- 15%

നിർണയിക്കേണ്ട വസ്തുനികുതി-291.68X50=14584+2917 (20% വർദ്ധനവ്)=17501 +875.04(5% LC)+2625.15(സേവന ഉപനികുതി)=21001

2. കെട്ടിട നം. 13/82 A

കെട്ടിട ഉടമ-ജോബിമോൻ, ചാലിശേരിൽ

വിസ്തീർണ്ണം-145ച.മീ.

നിർണ്ണയിച്ച വസ്തുനികുതി

നിർണയിച്ച വസ്തുനികുതി നിരക്ക്- 30/ച.മീ.

ഇളവ്-10%

അടിസ്ഥാന വസ്തുനികുതിയുള്ള വർദ്ധനവ്-20% (വഴി സൗകര്യം)

ലൈബ്രറി സെസ്-5%

സേവന ഉപനികുതി- 15%

നിർണയിച്ച വസ്തുനികുതി-145X30=4350-435 (10%ഇളവ്)+870(20% വർദ്ധനവ്)=4785 +239.25(5% LC)+717.75(സേവന ഉപനികുതി)=5743

നിർണ്ണയിക്കേണ്ട വസ്തുനികുതി

നിർണയിക്കേണ്ട വസ്തുനികുതി നിരക്ക്- 50/ച.മീ.

ഇളവ്-10%

അടിസ്ഥാന വസ്തുനികുതിയുള്ള വർദ്ധനവ്-20% (വഴി സൗകര്യം)

ലൈബ്രറി സെസ്-5%

സേവന ഉപനികുതി- 15%

നിർണയിക്കേണ്ട വസ്തുനികുതി-145X50=7250-725(10% ഇളവ്)+1450(20%വർദ്ധനവ്)=7975 +398.75(5% LC)+1196.25(സേവന ഉപനികുതി)=9570

ഇത സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. വസ്തുനികുതി നിർണയം പുനപരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 സേവന ഉപനികുതി വ്യത്യസ്ത നിരക്കിൽ ഈടാക്കുന്നു

പഞ്ചായത്തിൽ കേരള പഞ്ചായത്ത് രാജ്( വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)

ചട്ടങ്ങൾ, 2011 പ്രകാരം വസ്തുനികുതി ചട്ടങ്ങൾ പ്രാബല്യത്തിൽ കൊണ്ടു വന്നപ്പോൾ അടിസ്ഥാന വസ്തുനികുതിയോടൊപ്പം സേവന ഉപനികുതിയ്ക്ക് നിരക്കുകളും നിർണയിച്ചിരുന്നു. തെരുവുവിളക്ക് പരിപാലനം-6%, ജലവിതരണം-5%, ഡ്രെയിനേജ്-4% എന്ന നിരക്കിൽ ആകെ 15% ആണ് പഞ്ചായത്ത് കമ്മിറ്റി സേവന ഉപനികുതിയായി നിശ്ചയിച്ചത്. എന്നാൽ 2011 വസ്തുനികുതി പരിഷ്കരണം നടപ്പിലാക്കിയപ്പോൾ എല്ലാ കെട്ടിടങ്ങൾക്കും ഒരേ സേവന ഉപനികുതിയല്ല ഈടാക്കിവരുന്നതെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. വളരെയേറെ കെട്ടിടങ്ങൾക്ക് തെരുവ് വിളക്ക് പരിപാലനത്തിനായി നിശ്ചയിച്ച 6% നിരക്ക് മാത്രമാണ് സേവന ഉപനികുതിയായി ഈടാക്കി വരുന്നത്. മാന്യുവൽ രസീത് പ്രകാരം 2020-21 ൽ ഈടാക്കിയ ഏതാനും കെട്ടിടങ്ങളുടെ വസ്തുനികുതി ഉദാഹരണമായി താഴെ കൊടുക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് | ഈടാക്കിയ അടിസ്ഥാന വസ്തുനികുതി/രസീത് ബുക്ക്/രസീത് നം | ഈടാക്കിയ സേവന ഉപനികുതി (തെരുവുവിളക്ക് -6%) | കണക്കാക്കേണ്ടിയിരുന്ന സേവന ഉപനികുതി (തെരുവുവിളക്ക്-6%, ജലവിതരണം-5%, ഡ്രെയിനേജ്-4%) |
|---|---|---|---|---|---|
| 1 | 7/68 | ജോബി ജോസഫ് | 324, 1688/29 | 20 | 47 |
| 2 | 8/189 | കാർത്യായനിയമ്മ | 211, 1688/31 | 13 | 32 |
| 3 | 8/331 | എത്സമ്മ ജോർജ് | 1458, 1688/40 | 88 | 219 |
| 4 | 7/281 | അലക്സ് മാത്യു | 304, 1688/55 | 19 | 46 |
| 5 | 7/174 | കെ.പി. സുകുമാരൻ നായർ | 454, 1688/74 | 28 | 68 |
| 6 | 7/173 | കെ.പി. സുകുമാരൻ നായര് | 843, 1688/75 | 51 | 127 |
| 7 | 11/67 | അനിൽ കുമാർ | 1620, 1692/46 | 98 | 243 |
| 8 | 10/97 | ബീന രാജു | 1380, 1692/56 | 83 | 207 |
| 9 | 1/197 | കെ.പി.ജോസഫ് | 1013, 1689/7 | 61 | 152 |

2020-21 വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തുനികുതി ഡിമാന്റ്(I-1) താഴെ കൊടുക്കുന്നു.

| | |
|---|---|
| വസ്തു നികുതി(റെസിഡൻഷ്യൽ) | 2,345,942 |
| വസ്തു നികുതി(നോൺ റെസിഡൻഷ്യൽ) | 3,207,684 |

| | |
|---|---|
| ആകെ | 5553626 |
| സർവീസ് സെസ്(റെസിഡൻഷ്യൽ) | 295,124 |
| സർവീസ് സെസ്(നോൺ റെസിഡൻഷ്യൽ) | 465,311 |
| ആകെ | 760435 |

ആകെ വസ്തുനികുതിയുടെ സേവന ഉപനികുതി ഡിമാന്റ് ചെയ്യേണ്ടത് (15%) 833043.9 രൂപയാണ്. നിലവിൽ ഡിമാന്റ് ചെയ്തിട്ടുള്ള സേവന വസ്തുനികുതി 760435 രൂപയാണ്. 72608.9 രൂപ 2020-21 ൽ മാത്രം വ്യത്യാസം നിലനിൽക്കുന്നുണ്ട്. സേവന ഉപനികുതിയിലുള്ള വ്യത്യാസത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. സേവന ഉപനികുതിയിലുള്ള വ്യത്യാസം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 മൊബൈൽ ടവറിന്റെ പെർമിറ്റ് കാലാവധി പുതുക്കുകയോ അസസ് മെന്റ് ചെയ്യുകയോ ചെയ്തില്ല

2016-17 ൽ പഞ്ചായത്തിൽ നിന്നും മൊബൈൽ ടവറിന്റെ നിർമാണത്തിനായി പെർമിറ്റ് അനുവദിച്ച താഴെ കൊടുത്തിട്ടുള്ള റിലയൻസ് ജിയോ ഇൻഫോകോം എന്ന സ്ഥാപനം പെർമിറ്റ് കാലയളവ് അവസാനിച്ചെങ്കിലും അനുമതി പുതുക്കുകയോ നിർമാണം പൂർത്തിയാക്കി നികുതി നിർണയിക്കുകയോ ചെയ്യുന്നില്ലെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | പെർമിറ്റ് നം./വിസ്തീർണ്ണം | പെർമിറ്റ് കാലാവധി |
|---|---|---|---|
| 1 | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് | എ4-579/17, 22.5 ച.മീ. | 16.2.2017-15.2.2018 |

പെർമിറ്റ് കാലാവധി അവസാനിച്ചെങ്കിലും ടവർ നിർമാണം പൂർത്തിയാക്കി വസ്തുനികുതി കണക്കാക്കിയിട്ടില്ല. കൂടാതെ പെർമിറ്റ് പുതുക്കുന്നതിനുള്ള ഫീസ് അടവാക്കി കാലാവധി നീട്ടിയെടുത്തിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല. മൊബൈൽ ടവറിന്റെ നിർമാണ പുരോഗതി നേരിട്ട് പരിശോധിച്ച് നിർമാണം പൂർത്തിയായിട്ടുണ്ടെങ്കിൽ നികുതി അസസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് പരിധിയിൽ ഇപ്പോഴും നികുതി നിർണയിക്കപ്പെടാതെ മൊബൈൽ ടവറുകൾ അവശേഷിക്കുന്നുണ്ടോയെന്ന് ഫീൽഡ് പരിശോധന നടത്തി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 പെർമിറ്റ് അപേക്ഷകളിൽ തുടർനിരീക്ഷണങ്ങൾ നടത്തുന്നില്ല

പെർമിറ്റ് രജിസ്റ്ററും അനുബന്ധ ഫയലുകളും പരിശോധിച്ചപ്പോൾ മുൻവർഷങ്ങളിലുൾപ്പെടെ കെട്ടിട നിർമ്മാണത്തിനായി ഡെവലപ്മെന്റ് പെർമിറ്റ് , കെട്ടിട നിർമാണ പെർമിറ്റ് എന്നിവ എടുത്തിട്ടുള്ള ധാരാളം വ്യക്തികൾ കെട്ടിടനിർമാണം പൂർത്തിയാക്കി അസെസ് മെന്റ് നടപടികൾ പൂർത്തിയാക്കുകയോ പെർമിറ്റ് പുതുക്കുകയോ ചെയ്തിട്ടില്ലെന്ന് ബോധ്യപ്പെട്ടു. പഞ്ചായത്ത് കമ്മിറ്റി മിനിറ്റ്സിൽ മുൻവർഷങ്ങളിൽ കെട്ടിടനിർമാണം പൂർത്തിയാക്കിയ പല കെട്ടിടങ്ങളും നമ്പരിംഗിനായും ഉപയോഗക്രമം മാറ്റുന്നതിനായും അപേക്ഷ സമർപ്പിച്ചത് പരിഗണിച്ചത് ശ്രദ്ധയിൽപ്പെട്ടു. പെർമിറ്റ് അപേക്ഷകളിന്മേൽ കൃത്യമായ തുടർനിരീക്ഷണങ്ങളുണ്ടാകുന്നില്ലെന്നാണ് രജിസ്റ്ററുകളിൽ നിന്നും

ഫയലുകളിൽ നിന്നും വ്യക്തമാകുന്നത്. ഡെവലപ്പ്മെന്റ് പെർമിറ്റ് എടുത്ത ശേഷം പ്രസ്തുത വ്യക്തികൾ കെട്ടിട നിർമ്മാണം നടത്തുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടുന്നില്ല. ഇത് വീട് നിർമ്മിക്കാൻ പെർമിറ്റ് എടുത്ത ശേഷം അതിന്റെ മറവിൽ വ്യാപകമായ മണ്ണെടുപ്പ് നടക്കുന്നതിന് ഇടയാക്കിയേക്കാം. പെർമിറ്റ് അപേക്ഷകളുടെ തുടർനിരീക്ഷണങ്ങൾ നടത്തുന്നതിന് ഭരണസമിതിയുടെ സഹായത്തോടെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 വാടക മുറികൾ കൈകാര്യം ചെയ്യുന്നതിൽ വീഴ്ച

പഞ്ചായത്തിന്റെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ ഏതാനും അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിന്റെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സബ് രജിസ്ട്രാർ ഓഫീസ് 2020-21 ൽ വാടക അടവാക്കിയിട്ടില്ലെന്നു കാണുന്നു. പ്രതിമാസ വാടകയായി നിശ്ചയിച്ചത് 8630/-(ജിഎസ് ടി കൂടാതെ) രൂപയായിരുന്നു. 2020-21 ൽ 103560 രൂപ വാടക കുടിശികയായി തുടരുന്നു.

2. പഞ്ചായത്ത് കെട്ടിടം വാടകയ്ക്ക് ഉപയോഗിച്ച വന്ന കെഎസ്ഇബി നിലവിൽ മുറി ഒഴിവായിട്ടുണ്ടെങ്കിലും മുൻവർഷത്തെ 5789 രൂപ വാടക കുടിശിക ഇനത്തിൽ അടവാക്കാനായി തുടരുന്നു.

3. മുൻവർഷങ്ങളിൽ വാടകയ്ക്ക് കൊടുത്തിട്ടുള്ള താഴെ കൊടുത്തിട്ടുള്ള മുറികളുടെ വാടക 2020-21 ൽ അടവാക്കിയിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം | കെട്ടിട നം | വാടക രജിസ്റ്റർ പ്രകാരം വാടകക്കാരൻ | മുൻവർഷത്തെ വാടക (പ്രതിമാസം) |
|---|---|---|---|
| 1 | 14/491 | മിനി മോഹൻദാസ്, പുറത്താശ്ശേരിൽ | 1330 |
| 2 | 14/492 | സിബി സ്റ്റീഫൻ, ഒഴുകയിൽ | 609 |
| 3 | 14/490 എ | സാബു ആന്റണി, കുവക്കാട്ടിൽ | 4278 |
| 4 | 14/472 ബി | പുഷ്പ രാധാകൃഷ്ണൻ, കാവുകണ്ടത്തിൽ, തനിമ കാന്റീൻ | 7222 |

നിലവിൽ ഈ കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുത്തിട്ടുണ്ടോയെന്നും വാടക കുടിശിക ഡിമാന്റ് ചെയ്യാത്ത സാഹചര്യമുണ്ടോയെന്ന് വ്യക്തമല്ല. ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.

4. വാടക രജിസ്റ്ററിൽ പഞ്ചായത്ത് ഉടമസ്ഥതയിൽ വാടകയ്ക്ക് കൊടുക്കുന്നതായി എത്ര മുറികളുണ്ടെന്നോ ആയതിന്റെ കെട്ടിട നമ്പരുകളുടെ വിശദാംശങ്ങളോ ഇല്ല. 17 കടമുറികൾ 2019-20, 20-21 വർഷങ്ങളിലായി വാടകയ്ക്ക് കൊടുത്തിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം റെന്റ് ഡെപ്പോസിറ്റ് ഇനത്തിൽ ആകെ 27243 രൂപ മാത്രമാണ് അവശേഷിക്കുന്നത്. പഞ്ചായത്തിന്റെ മുറികൾ വാടകയ്ക്ക് കൊടുക്കുന്നത് സംബന്ധിച്ചോ വാടക ഡെപ്പോസിറ്റ് ഈടാക്കുന്നത് സംബന്ധിച്ചോ ബൈലോയുണ്ടെങ്കിൽ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടെങ്കിലും വിശദാംശങ്ങൾ ലഭ്യമായില്ല.

5. 2003 ൽ ആദ്യമായി ലേലം ചെയ്തതിന് ശേഷം മുറികളുടെ ലേലം നടന്നിട്ടില്ലെന്നാണ് കമ്മിറ്റി തീരുമാനങ്ങളിൽ നിന്നും വ്യക്തമാകുന്നത്. കൂടാതെ ആദ്യമായി ലേലം കൊണ്ട വ്യക്തികൾ തന്നെ മുറികൾ കീഴ് വാടകയ്ക്ക് കൊടുത്തു വരുന്ന സാഹചര്യമാണ് നിലവിലുള്ളതെന്ന് മുൻ റിപ്പോർട്ടുകളിലും

പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങളിലും ഉൾപ്പെട്ടിട്ടുള്ളതാണ്. നിലവിൽ വളരെ കുറഞ്ഞ നിരക്കിലാണ് മുറികൾ കൊടുത്തുവരുന്നതെന്നതിനാൽ വാടക പരിഷ്കരിക്കരണത്തിനായി റിപ്പോർട്ട് സമർപ്പിക്കാൻ കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതാണ്. എന്നാൽ നാളിതു വരെയായി പുതുതായി ലേലം നടത്തുകയോ കീഴ് വാടക സമ്പ്രദായം അവസാനിപ്പിക്കുകയോ ചെയ്തിട്ടില്ലെന്നു കാണുന്നു.

6. എസ് സി വിഭാഗത്തിന് സംവരണം ചെയ്ത് ലേലം നടത്തിയ 14/479 എന്ന മുറി സജിമോൻ കെ.വി., എന്ന വ്യക്തി കുറെ കാലം ഉപയോഗിച്ചിട്ടുള്ളതും ജോലി ലഭിച്ചതിനെ തുടർന്ന് പഞ്ചായത്തിനെ അറിയിക്കാതെ എസ് സി വിഭാഗത്തിൽ പെടാത്ത മറ്റൊരു വ്യക്തിക്കും എസ് സി വിഭാഗത്തിൽ ഉൾപ്പെട്ട മറ്റൊരു ബന്ധുവിനുമായി സ്ഥാപനം കൈമാറിയിട്ടുള്ളതായും മിനിറ്റ്സിൽ രേഖപ്പെടുത്തിയതായി കാണുന്നു. എന്നാൽ നാളിതു വരെയായിട്ടും പുനർ ലേലം നടത്തുകയോ അനധികൃതമായി കീഴ് വാടകയ്ക്ക് പ്രവർത്തിക്കുന്നവരെ പുറത്താക്കുകയോ ചെയ്തിട്ടില്ലെന്ന് കാണുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിനും മറുപടി ലഭിച്ചില്ല.

7. മുറികൾ വാടകയ്ക്കെടുത്തവരുമായി ചമച്ചിട്ടുള്ള കരാറുകൾ പരിശോധനയ്ക്കായി ആവശ്യപ്പെട്ടെങ്കിലും പരിശോധനയ്ക്ക് ലഭ്യമായില്ല. ഓഡിറ്റ് നടക്കുന്ന സമയത്ത് 20.12.2021 ൽ കടമുറി ലേലത്തിനായി വെച്ചെങ്കിലും കീഴ് വാടകയായി തുടരുന്നതായി മുൻവർഷങ്ങളിലെ റിപ്പോർട്ടിൽ ഉൾപ്പെട്ട 14/480,485,486,487 എന്നീ മുറികൾ ലേലനടപടികളിൽ നിന്നും ഒഴിവാക്കി പാലാ മുൻസിഫ് കോടതിയുടെ സ്റ്റേ ഓർഡർ ബന്ധപ്പെട്ട കക്ഷികൾ വാങ്ങിയിട്ടുള്ള സാഹചര്യമാണുള്ളത്.

യഥാസമയം വാടക മുറികൾ ലേലം ചെയ്യുന്നതിലും കൃത്യമായി കരാറിലേർപ്പെടുന്നതിലും കീഴ് വാടക സമ്പ്രദായം ഒഴിപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നതും ഗുരുതരമായ വീഴ്ചയായി വിലയിരുത്തുന്നു. പഞ്ചായത്ത് ആസ്തികൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനും വരുമാനദായകമാക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുൻകൈയെടുത്ത് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-17 ലൈസൻസെടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1. പഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും പഞ്ചായത്ത് കെട്ടിടങ്ങൾ വാടകയ്ക്കെടുത്തിട്ടുള്ള താഴെ കൊടുത്തിട്ടുള്ള വ്യക്തികൾ 2020-21 വർഷം ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്,കെട്ടിട നം. | വാടക രജിസ്റ്റർ പ്രകാരം വാടകക്കാരൻ |
|---|---|---|
| 1 | കംഫർട്ട് സ്റ്റേഷന് സമീപമുള്ള മുറി | പ്രതീഷ് ഗോപി |
| 2 | 14/487 | കെ.വി.ചന്ദ്രൻ |
| 3 | 14/486 | കെ.പി.ജയദാസ് |
| 4 | 14/480 | ഗംഗാധര കൈമൾ ജി. |
| 5 | 14/479 | സൃഷ്ടി കൺസ്ട്രക്ഷൻസ് |
| 6 | 14/490 | ഷിനോ മാത്യു |

മേൽ സ്ഥാപനങ്ങളുടെ ഉപയോഗത്തിന്റെ തരം എന്താണെന്ന് വ്യക്തമാക്കേണ്ടതും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതിന് വിശദീകരണം നൽകേണ്ടതാണെന്നുമാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.

2. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം വ്യവസായാവശ്യത്തിനുള്ള കയർ പിരി ഷെഡ്, കോഴിവളർത്തൽ ഷെഡ് എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെട്ട 27 കെട്ടിടങ്ങളുടെ വസ്തുനികുതി നിർണയിച്ചിട്ടുണ്ട്. എന്നാൽ 2020-21 ലെ ലൈസൻസ് രജിസ്റ്റർ പ്രകാരം കോഴിവളർത്തൽ ഷെഡുകളൊന്നും ലൈസൻസെടുത്തിട്ടില്ലെന്ന് കാണുന്നു. ലൈസൻസില്ലാതെ പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് മറുപടി ലഭ്യമായില്ല.

3. പഞ്ചായത്ത് പരിധിയിൽ നാല് ക്ഷീര സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും കിടങ്ങൂർ ക്ഷീര സംഘം, കുടല്ലൂർ ക്ഷീരസംഘം, കുടല്ലൂർ ഈസ്റ്റ് എന്നീ ക്ഷീര സംഘങ്ങൾ ലൈസൻസെടുത്തിട്ടില്ലെന്നു കാണുന്നു. കൂടാതെ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയൊന്നും ലൈസൻസെടുക്കുകയോ തൊഴിൽ നികുതി അടവാക്കുകയോ ചെയ്യുന്നില്ലെന്ന് കാണുന്നു. ഇതു സംബന്ധിച്ച് മറുപടി ലഭ്യമായില്ല.

കേവലം 366 സ്ഥാപനങ്ങൾ മാത്രമാണ് 2020-21 ൽ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നത്. സഞ്ചയ പ്രകാരം വാണിജ്യാവശ്യത്തിനും വ്യവസായാവശ്യത്തിനുമായി നികുതി നിർണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണം കണക്കിലെടുക്കുമ്പോൾ വളരെ കുറവ് സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസെടുക്കുന്നതായി കാണുന്നത്. വാർഡ് അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് മെംബർമാരുടെ കൂടി സഹകരണത്തോടെ തയ്യാറാക്കുകയും പുതുതായി വരുന്ന സ്ഥാപനങ്ങളെ യഥാസമയം ലിസ്റ്റിൽ കൂട്ടിച്ചേർത്ത് സൂക്ഷിക്കുകയും ചെയ്യുന്നത് ലൈസൻസെടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനും തനതു വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുന്നതിനും സഹായകമാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു.

## 1-18 ടെൻഡർഫീസ്- ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭ്യമായിട്ടില്ല

5 ലക്ഷത്തിന് മുകളിൽ, അടങ്കലുള്ള മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ വഴിയാണ് നടപ്പാക്കുന്നത്. പഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തുപ്രവൃത്തികളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത് . ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇതനുസരിച്ച് എസ്ബിഐ കിടങ്ങൂർശാഖയിൽ അക്കൗണ്ട് ആരംഭിക്കുന്നത് 16-7-19-ൽ മാത്രമാണ് (A/C No- 3860846000) ഇപ്രകാരം അസിസ്റ്റന്റ് എൻജിനീയറുടെപേരിൽ അക്കൗണ്ട് ആരംഭിച്ചെങ്കിലും ഈ അക്കൗണ്ടിലൂടെ നാളിതുവരെ ധനവിനിമയമൊന്നും നടന്നിട്ടില്ലായെന്നും നിലവിൽ ഈ അക്കൗണ്ട് നിർജ്ജീവാവസ്ഥയിലാണെന്നും ഇതുസംബന്ധിച്ച എൻക്വയറിക്കുള്ള മറുപടിയിൽ അസിസ്റ്റന്റ് എൻജിനീയർ വ്യക്തമാക്കുകയുണ്ടായി . ആയതിനാൽ ഇ-ടെൻഡർ സമ്പ്രദായം ആരംഭിച്ച വർഷം മുതൽ 20-21 വർഷം വരെ ഇ-ടെൻഡർഫീസിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതും എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്നതുമായ തുകകൾ പൂർണ്ണമായും ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിലേക്ക് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 കുടിവെള്ള വിതരണം - കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന വിവിധ വാർഡുകളിൽ 05.04.20 മുതൽ

15.05.20 വരെ ടാങ്കർ ലോറികളിൽ കുടിവെള്ളം എത്തിച്ചതിന് ലോഡ് ഒന്നിന് 1250- രൂപ നിരക്കിൽ 126 ലോഡ് വെള്ളത്തിന് ആകെ 157500 രൂപ ( വൗച്ചർ നം. 22000266/ 29.07.2020) ശ്രീ. മുരളീധരൻ എം.ബി, മാളിയേക്കൽ എന്ന കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ തുക നൽകിയപ്പോൾ നിയമ പ്രകാരമുള്ള നിരക്കിൽ ആദായ നികുതി ടി കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ല. 1995 ലെ ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 C പ്രകാരം 1% ആദായനികുതി (കോൺട്രാക്ടർമാർ) ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4/18.12.21) മറുപടി ലഭ്യമാക്കിയില്ല. ടി കരാറുകാരനിൽ നിന്നും 1575 രൂപ ആദായനികുതി ഈടാക്കി സർക്കാരിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-20 പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്തപരിശോധന നടത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ 82 പൊതുടാപ്പുകളുടെ വെള്ളക്കരം പ്രതിമാസം 35875 രൂപ വീതം വാട്ടർ അതോറിറ്റിക്ക് അടവാക്കുന്നുണ്ട്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്തപരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.06/18.12.21) 09.03.2015 ന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിലുള്ള പൊതുടാപ്പുകളുടെ എണ്ണത്തിന് (82 എണ്ണം ) ആനുപാതികമായിട്ടാണ് നിലവിൽ വെള്ളക്കരം അടവാക്കി വരുന്നതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എങ്കിലും സംയുക്ത പരിശോധന നടത്തിയിട്ട് 7 വർഷത്തോളം ആയ സ്ഥിതിയ്ക്ക് പൊതു ടാപ്പുകളുടെ എണ്ണത്തിൽ വ്യത്യാസം വരുവാൻ സാദ്ധ്യതയുള്ളതിനാൽ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് വീണ്ടും സംയുക്ത പരിശോധനയ്ക്കുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-21 എൽ.എസ്.ജി.ഡി. എഞ്ചിനിയറിംഗ് വിഭാഗത്തിലെ കരാർ നിയമനം- സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്

23.12.2019 ലെ 5-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം പഞ്ചായത്തിലെ എൽ.എസ്.ജി.ഡി വിഭാഗത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ക്ലർക്ക് ശ്രീ.തോമസിന്റെ കാലാവധി 11.12.19 മുതൽ 30.04.2020 വരെ ദീർഘിപ്പിച്ച് നൽകുന്നതിനും വേതനം പഞ്ചായത്ത് ഫണ്ടിൽ നിന്നും ഹാജർ നിലവാരപ്രകാരം നൽകുന്നതിനും തീരുമാനിച്ചിരുന്നു. തുടർന്ന് ഗ്രാമപഞ്ചായത്തിന്റെ 25.03.2020 ലെ XVIII നമ്പർ തീരുമാന പ്രകാരം ശ്രീ.തോമസിനെ 01.04.2020 മുതൽ ഒരു വർഷക്കാലയളവിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയും 04/20 മുതൽ 01/21 വരെ മാസത്തിലെ പരമാവധി കരാർ വേതനമായ 20760 രൂപയും 02/21 ൽ 21175 രൂപയും നൽകിയിട്ടുമുണ്ട് (04/21 മുതൽ 08/21 വരെ 6 ദിവസത്തെ ശമ്പളം കുറച്ചാണ് നൽകിയിട്ടുള്ളത്). ജി.ഒ(പി)81/2019 /ധന.,തീ.09.07.2019 നമ്പർ ഉത്തരവ് പ്രകാരം കരാർ അടിസ്ഥാനത്തിലുള്ള നിയമനം സർക്കാരിന്റ മുൻകൂർ അനുമതിയോടെ മാത്രമേ നടത്താവൂ എന്നിരിക്കെ ദിവസവേതനാടിസ്ഥാനത്തിൽ തുടർന്നിരുന്ന ടിയാൾക്ക് സർക്കാർ അംഗീകൃതമല്ലാത്ത തസ്തികയിൽ കരാർ നിയമനം നൽകിയ നടപടി ക്രമപ്രകാരമല്ല. മാത്രമല്ല ടിയാന്റ നിയമന ഫയലിൽ സൂക്ഷിച്ചിട്ടുള്ള മുദ്രപേപ്പറിൽ കരാർ വ്യവസ്ഥകൾ എഴുതിച്ചേർത്തിട്ടുമില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/20.12.21) കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ പ്രസ്തുത തസ്തികയിലേക്ക് ഇന്റർവ്യൂ നടത്തുവാൻ ഉള്ള സാഹചര്യം അനുകൂലമല്ലാത്തതിനാലും പഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നതിനും വേണ്ടി ടിയാളെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് കമ്മിറ്റി തീരുമാനം എടുക്കുകയാണ് ചെയ്തതെന്നും ടി നിയമനം നീട്ടിക്കൊണ്ട് പോകുന്നതിന് ഭരണസമിതിയ്ക്ക്

ഉദ്ദേശമില്ലായെന്നും അറിയിച്ചിട്ടുണ്ട്. കരാർ / തല്ക്കാലിക നിയമനങ്ങൾ സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് മാത്രം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-22 മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്ക ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്ന

പഞ്ചായത്തിലെ സാമൂഹ്യക്ഷേമ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറിലും 2019-20,2020-21 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്ക ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഇനം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|
| കാർത്ത്യായനി | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം) | 105220600162 | 1.1.20 | 2/20-4/20 (നിലവിലും അക്കൗണ്ട് ആക്ടീവാണ്.) | 3700 |
| രാജശ്ശേഖരൻനായര് | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 105220200192 | 4.3.20 | 4/20-9/20 (നിലവിലും അക്കൗണ്ട് ആക്ടീവാണ് ) | 7900 |
| പരമേശ്വരൻനായർ | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 105220200209 | 2.4.20 | 5/20-10/21 (നിലവിലും അക്കൗണ്ട് ആക്ടീവാണ് ) | 27700 |
| അമ്മിണി റ്റി സി | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 105220200892 | 4.6.20 | 7/20-8/21 | 20700 |
| രാമചന്ദ്രൻ നായർ സി കെ | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 105220201458 | 13.6.20 | 7/20-11/21 (നിലവിലും അക്കൗണ്ട് ആക്ടീവാണ് ) | 10200 |
| വേലായുധൻ നായർ വി കെ | സാമൂഹ്യ സുരക്ഷ പെൻഷൻ(കർഷക തൊഴിലാളി പെൻഷൻ) | 105220100208 | 21.5.20 | 6/20-5/21 | 17200 |
| കുഞ്ഞൂഞ്ഞ് | സാമൂഹ്യ സുരക്ഷ | 105220201314 | 14.7.20 | 8/20-6/21 | 16200 |

| | | | | | |
|---|---|---|---|---|---|
| | പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | | | | |

ഗുണഭോക്താവ് മരണപ്പെട്ടതിനു ശേഷം വളരെക്കാലമായി ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നത് തുടരുകയാണ്. പരിശോധിച്ച ഏതാനും ഗുണഭോക്താക്കളുടെ കണക്കാണിത്. മേൽ സൂചിപ്പിച്ചതിൽ തന്നെ പല ഗുണഭോക്താക്കളുടെയും അക്കൗണ്ട് ഇപ്പോഴും ആക്ടീവായാണ് തുടരുന്നത്. മരണപ്പെട്ട ഗുണഭോക്താക്കളിൽ പലരുടെയും ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്തു പോയതിനാലാണ് തുക കൈമാറുന്ന സാഹചര്യം ഒഴിവായിട്ടുള്ളതെന്നു കാണുന്നു. മറ്റു പഞ്ചായത്തുകളിൽ നിന്നും മുനിസിപാലിറ്റികളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്ന പലരുടെയും മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നുണ്ട്. ആ പഞ്ചായത്തുകളെ യഥാസമയം വിവരം അറിയിക്കാത്തതിനാൽ പ്രസ്തുത ഗുണഭോക്താക്കളുടെയും അക്കൗണ്ട് ആക്ടീവായി തുടരുന്ന സാഹചര്യമാണുള്ളത്. ഇതു കൂടാതെ മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ലാത്തതിനാൽ ആ ഗണത്തിൽപ്പെട്ട പഞ്ചായത്തിലെ ഗുണഭോക്താക്കൾക്കും മരണ ശേഷം തുക കൈമാറുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടെന്ന് അനുമാനിക്കാം. ധനകാര്യ വകുപ്പിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്) നം.97/2020/ധന പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ അനർഹമായി നൽകിയ തുകകൾ ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുള്ളതായി കണക്കാക്കുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് നിലവിൽ അധികമായി കൈപ്പറ്റിയ തുക തിരിച്ചടപ്പിക്കുന്നതിനും അക്കൗണ്ട് സസ്പെൻഡ് ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 മഴക്കാല പൂർവ്വശുചീകരണം – ചെലവ് രേഖകൾ ഹാജരാക്കിയില്ല

കുടല്ലൂർ സി.എച്ച്.സിയിലെ മെഡിക്കൽ ഓഫീസർക്ക് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 15 വാർഡുകളിലേക്ക് 15000 രൂപ വീതം താഴെ പറയും പ്രകാരം നൽകിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം./തീ. | തുക | ഫണ്ട് |
|---|---|---|---|
| 1 | 22000105/27.05.20 | 150000 | ശുചിത്വമിഷൻ ഫണ്ട് |
| 2 | 22000106/27.05.20 | 75000 | തനത് ഫണ്ട് |
| | ആകെ | 235000 | |

ഇതിൽ III,IX,XIII,XIV,XV എന്നീ വാർഡുകളിൽ തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ 75000 (15X5) രൂപയുടെ ചലവ് തടസ്സപ്പെടുത്തുന്നു. തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-24 ടാർവീപ്പകളുടെ വില – നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30.10.17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം

ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക്, ധനകാര്യവകുപ്പിന്റെ 12.4.06-ലെ ജി.ഒ.(പി)177/06 നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ബാരൽവില ഉൾപ്പെടെയുള്ള തുക ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും ആയത് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കാതെ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു. തൻവർഷം ഈയിനത്തിൽ 67,335/- രൂപ തനതുണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. ടാർവീപ്പകളുടെ വിലയോടൊപ്പം ഈടാക്കിയിട്ടുള്ള 18% ജി.എസ്.റ്റി ഉൾപ്പെടെയുള്ള തുകയാണ് ഇപ്രകാരം 150120105 Sale Of Empties And Waste Materials എന്ന ശീർഷകത്തിൽ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത്.

| പ്രോജക്ട് നം/ പേര് | ആകെ ചെലവ് / ഫണ്ട് | ടാർവീപ്പകളുടെ വില തനത്ഫണ്ടിൽ നിക്ഷേപിച്ചത് ( ജി.എസ്.റ്റി ഉൾപ്പെടെ) |
|---|---|---|
| 146/20-21 | 201069 | 1855 |
| 165/20-21 | 189702 | 2120 |
| 145/21 | 164752 | 2385 |
| 149/21 | 326468 | 2650 |
| 159/21 | 149960 | 2120 |
| | | |

അപാകത രേഖാമൂലം ശ്രദ്ധയിൽപ്പെടുത്തിയതിനെതുടർന്ന് തുക തനതുഫണ്ടിൽനിന്നും നിശ്ചിത ശീർഷകങ്ങളിൽ സർക്കാരിലേക്ക് അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അസി. എൻജിനീയർ മറുപടി ലഭ്യമാക്കി. ബാരൽവിലയിനത്തിൽ തനതുഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക നിശ്ചിത ശീർഷകങ്ങളിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-25 പാലിയേറ്റീവ് നേഴ്സിന് ഇൻസെന്റീവ്-സർക്കാർ ഉത്തരവിന് വിരുദ്ധമായി നൽകി

സ.ഉ(സാധാ)നം.1615/2020/ത.സ്വ.ഭ.വ തീ.07.09.2020 പ്രകാരം കോവിഡ് 19 കാലഘട്ടത്തിൽ പ്രവർത്തിച്ച് വരുന്ന ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് കെയർ നേഴ്സ്മാർക്ക് 2020 മാർച്ച് മാസം മുതൽ ആറുമാസത്തേയ്ക്ക് പ്രതിമാസം 1000 രൂപ വീതം ഇൻസെന്റീവ് അനുവദിക്കാമെന്ന് നിഷ്കർഷിച്ചിരുന്നു.പ്രസ്തുത ഉത്തരവിന് തുടർച്ചയായി 05.10.2020ലെ സ.ഉ(സാധാ)നം.1820/2020 /ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ പ്രസ്തുത ഇൻസെന്റീവ് 2020 സെപ്റ്റംബർ മാസം മുതൽ ആറു മാസത്തേയ്ക്ക് കൂടി പ്രതിമാസം 1000 രൂപ നിരക്കിൽ അനുവദിച്ചുകൊണ്ടും ഇതിനാവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. എന്നാൽ മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ പ്രോജക്ടിലുൾപ്പെടുത്തി(പ്രോജക്ട് നം.60/21) പാലിയേറ്റീവ് കെയർ നേഴ്സായ ശ്രീമതി.ഷീലാറാണി വി.എസ്. 2020 മാർച്ച് മാസം മുതൽ 2021 ജനുവരി മാസം വരെ ഇൻസെന്റീവ് ഇനത്തിൽ 11000 രൂപ വികസനഫണ്ട്(ജനറൽ)ൽ നിന്നും താഴെപറയും പ്രകാരം നൽകിയിട്ടുണ്ട്.

| ബിൽ നം. | ബില്ലിൽ നിന്നും ഇൻസെന്റീവ് |
|---|---|

| | |
|---|---|
| | ഇനത്തിൽ നൽകിയ തുക |
| 07/20-21 /21.1.21 | 6000(2020 മാർച്ച്- ആഗസ്റ്റ് ) |
| 8/20-21 /27.1.21 | 4000( 2020 സെപ്റ്റംബർ- ഡിസംബർ) |
| 9/20-21 /30.3.21 | 1000(2021 ജനവരി) |
| ആകെ | 11000 |

ഇപ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി 2020 സെപ്റ്റംബർ മുതലുള്ള മാസങ്ങളിൽ തനത് ഫണ്ടിൽ നിന്ന് നൽകാതെ വികസനഫണ്ടിൽ നിന്ന് തന്നെ ഇൻസെന്റീവ് നൽകിയതിന് വിശദീകരണം/മറുപടി ലഭ്യമാക്കുവാൻ താത്പര്യപ്പെടുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച 5000 രൂപ തനതുഫണ്ടിൽ നിന്നും വികസനഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

1-26 ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല, വിട്ടുകിട്ടിയ ആസ്തികൾ പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കുന്നതിനുള്ള തീരുമാനങ്ങൾ നടപ്പായിട്ടില്ല

ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല, വിട്ടുകിട്ടിയ ആസ്തികൾ പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കുന്നതിനുള്ള തീരുമാനങ്ങൾ നടപ്പായിട്ടില്ല

വിവിധ ആസ്തികൾ ആസ്തിരജിസ്റ്ററിൽ ചേർക്കുന്നതിനും റോഡ്കസനത്തിനുവേണ്ടി സ്വകാര്യവ്യക്തികൾ വിട്ടുനൽകിയ സ്ഥലം പോക്കുവരവുനടത്തി പഞ്ചായത്തിന്റെഉടമസ്ഥതയിലാക്കുന്നതിനുമുള്ള പഞ്ചായത്ത് കമ്മിറ്റിതീരുമാനങ്ങൾ നടപ്പാക്കിയിട്ടില്ല വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

ചെമ്പിളാവ്-പൊൻകുന്നേൽ കുടിവെള്ളപദ്ധതിയുടെ പോക്കുവരവു സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസിൽനിന്ന് ലഭ്യമാക്കുന്നമുറയ്ക്ക് കുടിവെള്ളപദ്ധതി ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് എൽ.എസ്.ജി.ഡി അസ്സ്റ്റന്റ് എൻജിനീയറെ ചുമതലപ്പെടുത്തി തീരുമാനമെടുത്തിരുന്നു.(23-7-20 അജണ്ട-12,തീരുമാനം-1 ) .ഇതിന്മേൽ സ്വീകരിച്ച തുടർനടപടിവിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് മറുപടി ലഭ്യമാക്കിയില്ല. പരിശോധനയിൽ കുടിവെള്ളപദ്ധതി ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല എന്നുകാണുന്നു.

വില്ലേജ് ഓഫീസിൽനിന്നും പോക്കുവരവു സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ലാത്തപക്ഷം ആയത് ലഭ്യമാകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും കുടിവെള്ളപദ്ധതി ആസ്തിരജിസ്റ്ററിലുൾപ്പെടുത്തുന്നതിനും പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കുന്നതിനുമുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്.കാവുംപാടം അമ്പലം റോഡ്,കൊല്ലപ്പള്ളി -നിലയ്ക്കൽ റോഡ് എന്നിവ ആസ്തിയിലുൾപ്പെടുത്തണമെന്ന വാർഡുമെമ്പറുടെ അപേക്ഷ യുടെ അടിസ്ഥാനത്തിൽ രേഖകൾ ഹാജരാക്കുന്നമുറയ്ക്ക് ആസ്തിരജിസ്റ്ററിൽ ചേർക്കുന്നതിനും തീരുമാനമെടുത്തിരുന്നു. (23-7-20ലെ അജണ്ട-11,തീരുമാനം-1 ) തീരുമാനത്തിന്മേലുള്ള തുടർനടപടിവിവരങ്ങൾ ലഭ്യമാക്കിയില്ല. ആസ്തിരജിസ്റ്ററിൽ പ്രസ്തുത റോഡുകൾ ഉൾപ്പെട്ടിട്ടുമില്ല. ആവശ്യമായ രേഖകൾ ലഭ്യമാക്കി റോഡുകൾ ആസ്തിയിലുൾപ്പെടുന്നതിനുള്ള കമ്മിറ്റി തീരുമാനം നടപ്പിലാക്കേണ്ടതാണ്.

വിവിധ ആസ്തികൾ ആസ്തിരജിസ്റ്ററിൽ ചേർക്കുന്നതിനും റോഡ്കസനത്തിനുവേണ്ടി സ്വകാര്യവ്യക്തികൾ വിട്ടുനൽകിയ സ്ഥലം പോക്കുവരവുനടത്തി പഞ്ചായത്തിന്റെഉടമസ്ഥതയിലാക്കുന്നതിനുമുള്ള പഞ്ചായത്ത് കമ്മിറ്റിതീരുമാനങ്ങൾ നടപ്പാക്കിയിട്ടില്ല വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1) ചെമ്പിളാവ്-പൊൻകുന്നേൽ കുടിവെള്ളപദ്ധതിയുടെ പോക്കുവരവ് സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസിൽനിന്ന് ലഭ്യമാക്കുന്നമുറയ്ക്ക് കുടിവെള്ളപദ്ധതി ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് എൽ.എസ്.ജി.ഡി അസ്സിസ്റ്റന്റ് എൻജിനീയറെ ചുമതലപ്പെടുത്തി തീരുമാനമെടുത്തിരുന്നു.(23-7-20 അജണ്ട-12,തീരുമാനം-1 ). ഇതിന്മേൽ സ്വീകരിച്ച തുടർനടപടിവിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് മറുപടി ലഭ്യമാക്കിയില്ല. പരിശോധനയിൽ കുടിവെള്ളപദ്ധതി ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല എന്നുകാണുന്നു.

വില്ലേജ് ഓഫീസിൽനിന്നും പോക്കുവരവ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ലാത്തപക്ഷം ആയത് ലഭ്യമാകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും കുടിവെള്ളപദ്ധതി ആസ്തിരജിസ്റ്ററിലുൾപ്പെടുത്തുന്നതിനും പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കുന്നതിനുമുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്.കാവുംപാടം അമ്പലം റോഡ്,കൊല്ലപ്പള്ളി -നിലയ്ക്കൽ റോഡ് എന്നിവ ആസ്തിയിലുൾപ്പെടുത്തണമെന്ന വാർഡുമെമ്പറുടെ അപേക്ഷ യുടെ അടിസ്ഥാനത്തിൽ രേഖകൾ ഹാജരാക്കുന്നമുറയ്ക്ക് ആസ്തിരജിസ്റ്ററിൽ ചേർക്കുന്നതിനും തീരുമാനമെടുത്തിരുന്നു. (23-7-20ലെ അജണ്ട-11,തീരുമാനം-1 ) തീരുമാനത്തിന്മേലുള്ള തുടർനടപടിവിവരങ്ങൾ ലഭ്യമാക്കിയില്ല. ആസ്തിരജിസ്റ്ററിൽ പ്രസ്തുത റോഡുകൾ ഉൾപ്പെട്ടിട്ടുമില്ല. ആവശ്യമായ രേഖകൾ ലഭ്യമാക്കി റോഡുകൾ ആസ്തിയിലുൾപ്പെടുന്നതിനുള്ള കമ്മിറ്റി തീരുമാനം നടപ്പിലാക്കേണ്ടതാണ്.

## 1-27 പന്ത്രണ്ടാം വാർഡ് ഡിജിറ്റലൈസേഷൻ- പദ്ധതി ഉദ്ദേശ ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം. | 190/21 |
| ചെലവ് | 44633 (തനത് ഫണ്ട്) |
| ചെക്ക് നം. | 900637/19.02.21 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

കിടങ്ങൂർ ഗ്രാമപഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിനെ സംബന്ധിച്ച വിവരങ്ങൾ ഡിജിറ്റലായി ലഭിക്കുന്നതിന് തയ്യാറാക്കിയ ടി പ്രോജക്ടിൽ അഡ്മിനിസ്ട്രേസിന് ഉപയോഗിക്കാവുന്ന വെബ്-ആപ്ലിക്കേഷൻ പാർട്ടും വാർഡിലെ പൊതുജനങ്ങൾക്ക് ഉപയോഗിക്കാവുന്ന ആൻഡ്രോയിഡ് ആപ്ലിക്കേഷനുമാണ് ഉൾപ്പെട്ടിരുന്നത്. പ്രസ്തുത പദ്ധതി സംബന്ധിച്ച് കിടങ്ങൂർ എഞ്ചിനിയറിംഗ് കോളേജാണ് സാങ്കേതിക സേവനം ലഭ്യമാക്കിയിരുന്നത്. പ്രസ്തുത ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ R3ഇൻഫോ സൊല്യൂഷ്യൻസ് ,കടുത്തുരുത്തി എന്ന സ്ഥാപനത്തിന് ആപ്ലിക്കേഷൻ തയ്യാറാക്കുവാൻ അനുമതി നൽകിയിട്ടുള്ളതായി കാണുന്നു. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ആൻഡ്രോയിഡ് ആപ്ലിക്കേഷന്റെ 15 മോഡ്യൂളുകളിൽ 14 മോഡ്യൂളുകൾ പൂർത്തിയാക്കിയതിന് R3 ഇൻഫോ സൊല്യൂഷൻസ് ക്വാട്ട് ചെയ്ത 44500 രൂപയുടെ 85% ആയ 37825 രൂപയും 18% ജി.എസ്.റ്റി യായ 6808 രൂപയും ചേർത്ത് ആകെ 44633 രൂപയാണ് സ്ഥാപനത്തിന് 2020-21 വർഷം നൽകിയിട്ടുള്ളത്. എന്നാൽ ആപ്ലിക്കേഷന്റെ എല്ലാ മോഡ്യൂളുകളും പൂർത്തിയാക്കി പ്രോജക്ടിൽ വിഭാവനം ചെയ്ത രീതിയിൽ ഡിജിറ്റലൈസേഷൻ നടപടികൾ ആരംഭിച്ചിട്ടില്ല.

2.ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനായി പ്രവൃത്തി നൽകിയിട്ടുള്ള R3 ഇൻഫോ സൊല്യൂഷൻസ് എന്ന സ്ഥാപനം സമർപ്പിച്ചിട്ടുള്ള ക്വട്ടേഷനിൽ 18% ജി.എസ്.റ്റി കൂടാതെയാണ് 44500 രൂപ ക്വോട്ട് ചെയ്തിരുന്നത്. 18% ജി.എസ്.റ്റി കൂടി ചേർത്താൽ ആകെ 52510 രൂപയാണ് ടി സ്ഥാപനത്തിന് നൽകേണ്ടത്. എന്നാൽ ജി.ഐ ഇൻഫോടെക് എന്ന സ്ഥാപനം 18% ജി.എസ്.റ്റിയുൾപ്പെടെ 45000 രൂപ ക്വാട്ട് ചെയ്തിരുന്നു. ആയത് ശ്രദ്ധിക്കാതെ R3 ഇൻഫോ സൊല്യൂഷൻസിന് പ്രവൃത്തി നൽകിയതിനാൽ

7510 രൂ അധികം നൽകേണ്ട സാഹചര്യമാണ് നിലവിലുള്ളത്.
3.സുലേഖ ചെലവ് പത്രിക പ്രകാരം പ്രസ്തുത പ്രോജക്ടിന്റെ ചെലവ് 89266 രൂപയാണ്. എന്നാൽ തൻ വർഷം 44633 രൂപാ മാത്രമേ യഥാർത്ഥ ചെലവ് വന്നിട്ടുള്ളൂ.
മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.22/22.12.21) മറുപടി ലഭ്യമാക്കിയില്ല. 20.03.2020 ൽ സ്ഥാപനവുമായി ഏർപ്പെട്ട കരാരിൽ ആപ്ലിക്കേഷന്റെ ഡെവലപ്മെന്റ് 45 മനുഷ്യദിനങ്ങൾ കൊണ്ട് പൂർത്തിയാക്കുമെന്നും കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്കോ ,കുടുംബശ്രീ അംഗങ്ങൾക്കോ പരിശീലനം സ്ഥാപനം നൽകുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ ആപ്ലിക്കേഷന്റെ എല്ലാ മോഡ്യൂളുകളും പൂർത്തിയാക്കി പരിശീലനവും നൽകി പ്രവർത്തനം ആരംഭിക്കാത്തത് കാരാർ ലംഘനവും നിർവ്വഹണത്തിലെ വീഴ്ചയുമാണ്. പ്രസ്തുത ആപ്ലിക്കേഷൻ പൂർണ്ണമായും വികസിപ്പിച്ചതിന് ശേഷം മാത്രമേ മേൽ പ്രോജക്ട് ഉദ്ദേശ ലക്ഷ്യം കൈവരിക്കുമോയെന്ന് വിലയിരുത്തുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ പ്രസ്തുത പദ്ധതിയ്ക്കായി തൻ വർഷം ചെലവഴിച്ച 44633 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള സത്വര നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്.

1-28 ഭിന്നശേഷിക്കാർക്ക് പെട്ടിക്കട –ആനുകൂല്യം കൈപ്പറ്റിയ എല്ലാ ഗുണഭോക്താക്കളും പെട്ടിക്കട ഉപയോഗിക്കുന്നില്ല പ്രോജക്ട് ലക്ഷ്യം പൂർണ്ണമായും കൈവരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം- | 196/21 |
| വകയിരുത്തൽ | 300000/-(വികസനഫണ്ട്) |
| ചെലവ് | 300000/- |

ഭിന്നശേഷിക്കാർക്ക് പെട്ടിക്കട എന്ന പ്രോജക്ട്പ്രകാരം 10ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം അനുവദിച്ചു നൽകിയിരുന്നു. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർവ്വഹണോദ്യോഗസ്ഥനുമായുണ്ടാക്കിയ കരാറിൽ പെട്ടിക്കട സ്വയംതൊഴിലിനായി അനുയോജ്യമായ സ്ഥലത്ത് സ്ഥാപിച്ച് ഉപയോഗിക്കുന്നതാണെന്ന് വ്യക്തമാക്കിയിരുന്നതാണ്. എന്നാൽ പെട്ടിക്കട കൈപ്പറ്റിയിട്ടുള്ള എല്ലാ ഗുണഭോക്താക്കളും കരാറിൽപ്പറഞ്ഞിരുന്നപ്രകാരം ആയത് ഉപയോഗപ്പെടുത്തിയിട്ടില്ല. ഉദാഹരണത്തിന് 9-ാം വാർഡിലെ ഗോപാലകൃഷ്ണപ്പണിക്കർ തുണ്ടത്തിൽ എന്ന ഗുണഭോക്താവ് പദ്ധതിപ്രകാരം ലഭ്യമായ കട പ്രവർത്തനം നിലച്ച നിലയിൽ കാണുകയുമുണ്ടായി. മേൽപ്പറഞ്ഞ പദ്ധതിപ്രകാരം ലഭിച്ച പെട്ടിക്കട ഉപയോഗപ്പെടുത്താത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പദ്ധതിയുടെ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പ് നിയമാനുസൃതചുമതല നിറവേറ്റിയിട്ടില്ല. ഗുണഭോക്താക്കൾ ലഭ്യമായ ഉപകരണം നിശ്ചിത ലക്ഷ്യത്തിനായി പ്രയോജനപ്പെടുത്തുന്നുണ്ടോയെന്നും പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്നും മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ചെയ്തിട്ടില്ല.

പദ്ധതി ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ നിർവ്വഹണോദ്യോഗസ്ഥയുമായുണ്ടാക്കിയിട്ടുള്ള കരാറിനുവിരുദ്ധമായി ആയത് പ്രയോജനപ്പെടുത്തുന്നില്ലാത്തപക്ഷം ടി ഗുണഭോക്താക്കളിൽനിന്നും ആയത് തിരികെ വാങ്ങി ഗുണഭോക്തൃലിസ്റ്റിലെ അർഹരായ മറ്റ് ഗുണഭോക്താക്കൾക്ക് നൽകുന്നതിനും 3ലക്ഷം രൂപ ചെലവഴിച്ച് നടപ്പാക്കിയിട്ടുള്ള പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-29 പൈപ്പ് ലൈൻ നീട്ടൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ കല്ലുവേലിക്കുഴി നടപ്പാത വാർഡ് 10 ൽ പൈപ്പ് ലൈൻ നീട്ടൽ പദ്ധതിയ്ക്കായി (പ്രോജക്ട്നം.58/21) എസ്.സി.പി ഫണ്ടിൽ നിന്നും 32000 രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട് (ബിൽ നം.01/2020-21/25.11.20). എന്നാൽ പദ്ധതി പൂർത്തിയാക്കി നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല നിക്ഷേപ പ്രവൃത്തികളുടെ വ്യവസ്ഥകൾ ഉൾപ്പെടുത്തി വാട്ടർ അതോറിറ്റിയുമായി കരാർ ചമച്ചിട്ടുമില്ല. ആയതിനാൽ ചെലവഴിച്ച 32000 രൂ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതും നിക്ഷേപ പ്രവൃത്തികളിൽ നിർവ്വഹണ ഏജൻസികളുമായി കരാർ ചമയ്ക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-30 സമഗ്ര ശിക്ഷ കേരളം-വിനിയോഗ വിശദാംശമില്ല

| | |
|---|---|
| പ്രോജക്ട് | സമഗ്ര ശിക്ഷ കേരളം(S0025/21) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ് |
| അടങ്കൽ | 5 ലക്ഷം-വികസന ഫണ്ട്(ജനറൽ) |
| ചെലവ് | 5 ലക്ഷം(Bill No.4/2020-21 /11.05.2020) |

പ്രസ്തുത പ്രോജക്ടിൽ 5 ലക്ഷം രൂപ ജില്ല പ്രോജക്ട് ഓഫീസർ, എസ്.എസ്.കെ. കോട്ടയത്തേക്ക് ട്രാൻസ്ഫർ ചെയ്തിരുന്നു(അക്കൗണ്ട് നം.1523101022983, IFSC:CNRB0001523, കാനറ ബാങ്ക്). എസ്.എസ്.കെ. യിൽ അടവാക്കിയ തുകയുടെ ഡിമാന്റ് വിശദാംശമോ കൈപ്പറ്റ് രസീതോ ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ചെലവ് തുക 5 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.

1-31 കന്നുകുട്ടി പരിപാലനം

പ്രോജക്ട്-കന്നുകുട്ടി പരിപാലനം(157/21)
നിർവ്വഹണ ഉദ്യോഗസ്ഥൻ-വെറ്റിനറി സർജൻ
അടങ്കൽ-468,750/- രൂപ വികസന ഫണ്ട്(ജനറൽ)
ചെലവ്-468,750/- (Bill No.1/2020-21/16.04.2020)

2019-20 വർഷത്തെ സ്പിൽ ഓവർ പ്രോജക്ടിനായി 3-6 മാസം പ്രായമുള്ള കന്നുകുട്ടികളിൽ നിന്ന് തെരഞ്ഞെടുത്ത 75 എണ്ണം കിടാക്കളെയാണ് എൻറോൾ ചെയ്തത്. പ്രോജക്ട് തുക അസിസ്റ്റന്റ് ഡയറക്ടർ, എസ്.എൽ.ബി.പി., കോട്ടയം ട്രഷറി അക്കൗണ്ടിലേക്ക്(നം.708011400000050) ട്രൻസ്ഫർ ചെയ്ത് 06/07/2020 തീയതിയാണ് ബിൽ മാറി നൽകിയത്. പ്രോജക്ട് പ്രകാരമുള്ള ഫീഡ് വിതരണം നടന്നുവരികയാണ് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റ് വേളയിൽ അറിയിച്ചത്. കന്നുകുട്ടി പരിപാലനം പ്രോജക്ട് കാലാവധി 32 മാസങ്ങൾ ഉള്ളതിനാൽ ഫീഡ് വിതരണം പൂർത്തിയാകുന്ന മുറയ്ക്ക് എസ്.എൽ.ബി.പി.-യിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

1-32 അഗതിരഹിത കേരളം-ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചില്ല

പ്രോജക്ട് നം.-അഗതിരഹിത കേരളം-ഭവനപുനരുദ്ധാരണം(245/21)
അടങ്കൽ - 4 ലക്ഷം (വികസന ഫണ്ട്-ജനറൽ)
ചെലവ്-2.75 ലക്ഷം

അഗതിരഹിത കേരളം പ്രോജക്ടിൽ ധനസഹായം ലഭിച്ച ഗുണഭോക്താക്കളിൽ ഗ്രാമപഞ്ചായത്ത് 14-ാം വാർഡിലെ ത്രേസ്യ,വണ്ടാനത്ത് മറ്റം, വെട്ടിക്കൽ എന്ന ഗുണഭോക്താവ് നാളിതുവരെ വീട് മെയിന്റനൻസ്(വീട് നം.XIV/538) പൂർത്തിയാക്കിയില്ല (ഫയലും പ്രോജക്ട് രജിസ്റ്ററും പ്രകാരം). ഗുണഭോക്താവ് നിർവ്വഹണ ഉദ്യോഗസ്ഥയുമായി 12/02/2021-ൽ കരാർ ചമച്ചതിന്റെയും സമർപ്പിച്ച മെയിന്റനൻസ് റഫ് എസ്റ്റിമേറ്റിന്റെയും അടിസ്ഥാനത്തിൽ 25,000/- രൂപ 67310588219 നം. SBI അക്കൗണ്ടിലേക്ക് മുൻകൂറായി നല്കിയിട്ടുണ്ട്(ബിൽ നം.33/VEO/Cherpunkal/2020-21). പ്രസ്തുത ഗുണഭോക്താവിന്റെ വീട് മെയിന്റനൻസ് നടക്കുകയാണെന്നും സ്പിൽ ഓവർ പ്രോജക്ടായി ധനസഹായം നൽകുമെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ ഓഡിറ്റ് സമയത്ത് അറിയിച്ചത്. മെയിന്റനൻസ് പൂർത്തീകരിച്ച് ബാക്കി ഗഡു ധനസഹായവും നൽകി മെയിന്റനൻസിന്റെ വാല്യുവേഷനും വിശദാംശവും മറുപടിയിൽ അറിയിക്കേണ്ടതാണ്.

1-33 ചേർപ്പുങ്കൽ ചകിണിത്തോട് കുളിക്കടവ് ,കട്ടാച്ചിറ,പൂതനാക്കുഴി ചീപ്പ് മെയിന്റനൻസ് - ടെൻഡർ നടപടികളിൽ പഞ്ചായത്തിന്റെ സാമ്പത്തികതാൽപ്പര്യം കണക്കിലെടുത്തില്ല.

| | |
|---|---|
| പ്രോജക്ട് | 173/20-21 |
| അടങ്കൽ | 350000/- റോഡ് സംരക്ഷണഗ്രാന്റ് |
| ചെലവ് | 269545/-( Bill No- 21231/- ( ബിൽനം 35/17-4-20 ) |
| കരാറുകാരൻ | ജിജോമാത്യു |
| കരാർ തീയതി | 10-9-18 |

6-ാംവാർഡിൽ ചേർപ്പുങ്കൽ ചകിണിത്തോട് കുളിക്കടവ് ,കട്ടാച്ചിറ,പൂതനാക്കുഴി ചീപ്പ് മെയിന്റനൻസ് എന്നീപ്രവൃത്തികളുടെ നിർവ്വ്ഹണത്തിനായി ആവിഷ്കരിച്ച മേൽപ്രോജക്ടിന്റെ ഭാഗമായി ടെൻഡർക്ഷണിച്ചതിൽ ചുവടെചേർക്കുംപ്രകാരം രണ്ട് കരാറുകാർ ടെൻഡർ സമർപ്പിച്ചിരുന്നു.

| കരാറുകാരൻ | ക്വോട്ട് ചെയ്ത നിരക്ക് |
|---|---|
| കെ.എസ്.കുമാരി | 19.1% |
| ജിജോമാത്യു | 8% |

മേൽപ്പറഞ്ഞപ്രകാരം കുറഞ്ഞ നിരക്കിലുള്ള ടെൻഡറുകൾ ലഭിച്ചിട്ടും ആയത് അംഗീകരിക്കാതെ റീടെൻഡർ നടപടികൾ സ്വീകരിക്കുകയും റീടെൻഡറിൽ ജിജോമാത്യു എന്ന കരാറുകാരന്റെ എസ്റ്റിമേറ്റ് നിരക്കിലുള്ള ഒരു ടെൻഡർ മാത്രം ലഭിച്ചതായും റീടെൻഡർ അംഗീകരിച്ച് പ്രവൃത്തി ടിയാനെ ഏൽപ്പിച്ചതായും ഫയൽ പരിശോധനയിൽ വ്യക്തമാകുന്നു. എന്നാൽ ടെൻഡർ സ്വീകരിക്കാതിരുന്നതിന്റെ കാരണം ബന്ധപ്പെട്ട ഫയലിൽ രേഖപ്പെടുത്തിയിരുന്നില്ല. ഓഡിറ്റിന് ലഭ്യമാക്കിയ ടെൻഡർ രജിസ്റ്ററിൽ പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ വിവരങ്ങൾ ഉൾപ്പെട്ടിരുന്നുമില്ല. കുറഞ്ഞ നിരക്ക് (19.1%) ടെൻഡർഫോറത്തിൽ രേഖപ്പെടുത്തിയിരുന്ന കരാറുകാരൻ ടെൻഡർ ഷെഡ്യൂളിൽ ആയത് രേഖപ്പെടുത്തിയിരുന്നില്ലാത്തതിനാലാണ് ടെൻഡർ സ്വീകരിക്കാതിരുന്നതെന്ന് സെക്ഷൻ ക്ലാർക്ക് വാക്കാൽ അറിയിക്കുകയുണ്ടായി. രണ്ട് കരാറുകാർ കുറഞ്ഞനിരക്കിലുള്ള ടെൻഡർ ലഭ്യമാക്കിയിരുന്നിട്ടും ആയത് പരിഗണിക്കാതെ റീടെൻഡർ ക്ഷണിക്കാനുണ്ടായ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ

കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറന്നുപരിശോധിച്ച ടെൻഡറുകളിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ട എല്ലാ ടെൻഡറുകളും നിരസിച്ചിരുന്നുവെന്നും അപാകതകൾ ടെൻഡർ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരുന്നുവെന്നും വിശദീകരിച്ചിട്ടുണ്ട്. കൂടാതെ ആദ്യടെൻഡർ മത്സരസ്വഭാവമുണ്ടായിരുന്നതിനാൽ റീടെൻഡറിലും അപ്രകാരമുണ്ടാകുമെന്ന് കരുതിയാണ് റീടെൻഡർ ചെയതതെന്നും വ്യക്തമാക്കിയിട്ടുമുണ്ട്.

ജി ഒ (പി) 13/2012/pwd/1-2-2012 പ്രകാരം പുതുക്കിയ പൊതുമരാമത്ത് മാനുവൽ ഖണ്ഡിക 2009-2 ൽ ഒപ്പിടാൻ വിട്ടത്, ഇ.എം.ഡി-യുടെ ഒറ്ജിനൽ രേഖകൾ ഹാജരാക്കാത്തത്, ടെൻഡറിന്റെ ഓരോപേജിലും ഒപ്പിടാത്തത്,ക്വോട്ട് ചെയ്ത തുക അക്കത്തിൽ എഴുതാത്തത് തുടങ്ങിയ നിസ്സാര തെറ്റുകൾ ടെൻഡർ തുറക്കുന്ന ഉദ്യോഗസ്ഥന് മാപ്പാക്കാനും അപാകത തിരുത്തിക്കാനും അവകാശമുള്ളതാണ് എന്ന് പറഞ്ഞിട്ടുണ്ട്. ആയതിനാൽ ടെൻഡർ നടപടികൾ സ്വീകരിക്കുമ്പോൾ പൊതുമരാമത്ത് ചട്ടങ്ങളിലേയും മാനുവലിലേയും വ്യവസ്ഥകളും നിർദ്ദേശങ്ങളും പാലിക്കുന്നതോടൊപ്പം ഗ്രാമപഞ്ചായത്തിന്റെ ഉത്തമസാമ്പത്തിക താൽപ്പര്യം സംരക്ഷിക്കപ്പെടുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-34 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം

കോവിഡ് രോഗവ്യാപനം നിയന്ത്രിക്കുന്നതിനും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുമായി പഞ്ചായത്തിലെ ഗവ.എൽ.പി.ബി.സ്കൂളിൽ 27.04.21 മുതൽ 30.09.21 വരെ ഡി സി സി പ്രവർത്തിച്ചിരുന്നു. ഡി.സി.സി യ്ക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് 100000 രൂപ ജില്ലാകളക്ടറുടെ 12.05.2021 തീയതിയിലെ DM 1-6182/2020 നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ദുരന്തനിവാരണ ഫണ്ടിൽ നിന്നും അനുവദിച്ചിരുന്നു . പ്രസ്തുത തുക അയർക്കുന്നം സബ് ട്രഷറിയിൽ ആരംഭിച്ച799011400006362 നമ്പർ എസ്.റ്റി.എസ്.ബി അക്കൗണ്ടിൽ 28.05.2021 ൽ ക്രഡിറ്റായിട്ടുണ്ട്. ഡി.സി.സിയ്ക്കായി ആകെ ചെലവഴിച്ച 314845 രൂപയിൽ 214845 രൂപ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും തിരികെ ലഭ്യമാകുവാൻ അവശേഷിക്കുന്നുണ്ട്. പ്രതിരോധ പ്രവർത്തനങ്ങൾക്ക് സംഭാവന ഇനത്തിൽ 45000 രൂപ ലഭിക്കുകയും അതിൽ 44000 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമ പഞ്ചായത്ത് കോവിഡ് മഹാമാരി സംബന്ധിച്ച ബോധവൽക്കരണം, സാമൂഹിക അടുക്കള, വിവിധ അനൗൺസ്മെന്റുകൾ, ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ നടത്തിയതായി കാണുന്നു. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഗ്രാമപഞ്ചായത്ത് കാര്യക്ഷമമായി തന്നെ പങ്കെടുത്തിട്ടുണ്ട്.

## 1-35 ലൈഫ് ഭവന പദ്ധതി മൂന്നാം ഘട്ടം-അവലോകനം

ജനറൽ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലായി മൂന്ന് പ്രോജക്ടുകളിലായാണ് ലൈഫ് ഭവന പദ്ധതി വിഭാവനം ചെയ്തത്. പൊതുവിഭാഗത്തിൽ ഭൂരഹിതർക്ക് സ്ഥലം വാങ്ങലിന് 2 ലക്ഷവും ഭവന നിർമ്മാണത്തിന് 4 ലക്ഷവുമാണ് ധനസഹായം അനുവദിക്കുന്നത്. 2020-21 വർഷം പ്രോജക്ടിൽ നിർവ്വഹണ ഉദ്യോഗസ്ഥയുമായി കരാർ ചമച്ച് ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വിഭാഗം | പ്രോജക്ട് നം. | ഗുണഭോക്താക്കൾ | ഭവന നിർമ്മാണം പൂർത്തീകരിച്ചത് | ബാക്കി | മറ്റ് പഞ്ചായത്തിലേക്ക് മാറ്റിയത് |
|---|---|---|---|---|---|
| ജനറൽ | 23/21 | 22 | 9 | 12 | 1* |

| | | | | | |
|---|---|---|---|---|---|
| പട്ടികജാതി | 28/21 | 7 | 5 | 2 | ഇല്ല |
| പട്ടികവർഗ്ഗം | 29/21 | 1 | ഇല്ല | 1 | ഇല്ല |
| ആകെ | - | 30 | 14 | 15 | 1 |

15 ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഇന്ദിര കുട്ടായി* എന്ന ഗുണഭോക്താവിന് സ്ഥലം വാങ്ങുന്നതിന് 2 ലക്ഷം രൂപ ധനസഹായം നൽകി. സ്ഥലം അയർക്കുന്നം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വാങ്ങിയതിനാൽ ടിയാളെ അർക്കുന്നം ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താവായി ട്രാൻസ്ഫർ ചെയ്ത് ഉൾപ്പെടുത്തി. വി.ഇ.ഓ. യുടെ പ്രോജക്ട് സ്കീം രജിസ്റ്റർ പ്രകാരം നിലവിൽ ഭവനിർമ്മാണം പൂർത്തീകരിക്കാനുള്ള 15 ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | വിഭാഗം | വാർഡ് | കരാർ തീയതി | 2020-21 ൽ കൈപ്പറ്റിയ തുക | റിമാർക്ക് |
|---|---|---|---|---|---|---|
| 1. | സന്തോഷ് ഇ. പി., കൊങ്ങോർ പള്ളിത്തറ, കിടങ്ങൂർ | ജനറൽ | XIII | 17/07/2020 | 2.6 ലക്ഷം | വീട് നിർമ്മാണം മാത്രം |
| 2. | ഉഷ സന്തോഷ്, വള്ളാലിൽ, കിടങ്ങൂർ സൗത്ത് | ജനറൽ | XI | 01/06/2020 | 40,000/- | വീട് നിർമ്മാണം മാത്രം |
| 3. | ശ്രീജ സന്തോഷ്, പുല്ലുവേലിൽ, കിടങ്ങൂർ | ജനറൽ | X | 04/11/2020 | 40,000/- | വീട് നിർമ്മാണം മാത്രം |
| 4. | ഷാം ദേവി, ചെറുകാട്ടുവാലേൽ, കിടങ്ങൂർ | ജനറൽ | XII | 01/06/2020 | 2 ലക്ഷം, 40,000/- | സ്ഥലം വാങ്ങൽ- 2 ലക്ഷം |
| 5. | സരളമ്മാൾ, കുരീക്കാട്ടിൽ, കിടങ്ങൂർ | ജനറൽ | XI | 09/07/2020 | 2 ലക്ഷം, 97,294/- | സ്ഥലം വാങ്ങൽ- 2 ലക്ഷം |
| 6. | ചിഞ്ചു സജി, പാണാംപുറത്ത്, പിറയാർ | ജനറൽ | XIV | 13/03/2021 | 40,000/- | വീട് നിർമ്മാണം മാത്രം |
| 7. | ബിന്ദു രാജേഷ്, കളിക്കാട്ട്, കിടങ്ങൂർ | ജനറൽ | VIII | 01/06/2020 | 2 ലക്ഷം, 40,000/- | സ്ഥലം വാങ്ങൽ- 2 ലക്ഷം |
| 8. | എബിൻ ജെയിംസ്, കളിക്കാട്ട്, കിടങ്ങൂർ | ജനറൽ | X | 13/12/2020 | 2 ലക്ഷം | സ്ഥലം വാങ്ങൽ- 2 ലക്ഷം മാത്രം |
| 9. | ലത ഷാജി, വെള്ളൂശ്ശേരിൽ, കിടങ്ങൂർ | ജനറൽ | XII | 25/09/2020 | 2 ലക്ഷം | സ്ഥലം വാങ്ങൽ- 2 ലക്ഷം മാത്രം |
| 10. | രജിനി സാബു, രേഷ്മ നിവാസ്, കിടങ്ങൂർ | ജനറൽ | XII | 25/09/2020 | 2 ലക്ഷം | സ്ഥലം വാങ്ങൽ- 2 ലക്ഷം |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | മാത്രം |
| 11. | സുവർണ്ണാ ദേവി, തോട്ടുംകരയിൽ, കിടങ്ങൂർ | ജനറൽ | XIV | 25/09/2020 | 2 ലക്ഷം | സ്ഥലം വാങ്ങൽ- 2 ലക്ഷം മാത്രം |
| 12. | ശാന്ത, കോണ്ടൂർപള്ളിക്കാലായിൽ | ജനറൽ | X | 02/11/2020 | 2 ലക്ഷം | സ്ഥലം വാങ്ങൽ- 2 ലക്ഷം മാത്രം |
| 13. | സോമൻ പി. സി, പേഴാനിയിൽ, കിടങ്ങൂർ സൗത്ത് | എസ്.സി. | VIII | 22/07/2020 | 3 ലക്ഷം | വീട് നിർമ്മാണം മാത്രം |
| 14. | സുശീല രാജു, പുത്തൻപറമ്പിൽ, കിടങ്ങൂർ | എസ്.സി. | II | 30/10/2020 | 3 ലക്ഷം | വീട് നിർമ്മാണം മാത്രം |
| 15. | ജെയിംസ് പി. വി., പഴുക്കത്തറയിൽ, കുമ്മണ്ണൂർ | എസ്.റ്റി. | V | 03/11/2020 | 1.65 ലക്ഷം | വീട് നിർമ്മാണം മാത്രം |

ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾക്ക് 2021-22 വർഷം സ്പിൽ ഓവർ പ്രോജക്റ്റുകളിലൂടെ ധനസഹായം നൽകിവരുന്നതായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. മേൽപറഞ്ഞ ഗുണഭോക്താക്കൾ ഭവനിർമ്മാണം പൂർത്തിയാക്കിയതിന്റെ വിശദാംശം മറുപടിയിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 23/04/2021-ലെ V-ാം നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08/07/2021 ലെ എ3-3127/16 നം. കത്ത് പ്രകാരവും ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 15/12/2021-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ

വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2021-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

സംയുക്ത പ്രോജക്ടിനായി പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത്, കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് വിഹിതം ലഭിച്ചത് പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്. 2020-21 ൽ ഫണ്ടിന്റെ വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് തൻവർഷ പ്രോജക്ട്, സ്പിൽ ഓവർ(SO) തിരിച്ച് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, പാമ്പാടി | 2020-21 | 400,000/- | സമഗ്ര നെൽകൃഷി വികസനം (151/21) | 400,000/- | 0 |
| | 2020-21 | 42,800/- | തരിശു നില കൃഷി(198/21) | 42,800/- | 0 |
| | 2020-21 | 395,200/- | ഭിന്നശേഷിയുള്ളവർക്ക് പഠന സഹായം (17/21) | 395,200/- | 0 |
| | 2020-21 | 72,777/- | ജെന്റർ പ്രവർത്തനങ്ങൾ | 72,777/- | 0 |
| | 2020-21 | 124,453/- | മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- കൽച്ചിറ കോളനി ഭാഗം(207/21) | 124,453/- | 0 |
| | 2020-21 | 124,453/- | മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- കിടങ്ങൂർ പോലീസ് സ്റ്റേഷൻ ജംഗ്ഷൻ ഭാഗം(208/21) | 124,453/- | 0 |
| | 2020-21 | 199,343/- | കരീക്കാട്ടിൽ പട്ട്യാലിൽ നടപ്പാത കോൺക്രീറ്റിങ്ങ് -വാർഡ്-11(155/21) | 199,343/- | 0 |
| | 2020-21 | 170,300/- | ചെമ്പിളാവ് പാടശേഖര ജലസേചന പദ്ധതി(203/21) | 170,300/- | 0 |
| | ആകെ | 1,529,326/- | 2020-21 ബ്ലോക്ക് വിഹിതം | 1,529,326/- | 0 |

| | | | | | |
|---|---|---|---|---|---|
| | SO | 268,373/- | ലൈഫ് മിഷൻ പാർപ്പിട പദ്ധതി – ജനറൽ (193/21) | 200,000/- | 68,373/- |
| | SO | 250,485/- | ചിറപ്പുറം അമ്പലം റോഡ് സൈഡ് സംരക്ഷണ ഭിത്തി -ഫേസ്-2(174/21) | 250,485/- | 0 |
| | SO | 1,444,535/- | വിശ്രാന്തി-സമഗ്ര ശ്മശാന നവീകരണ പദ്ധതി-കെട്ടിട നിർമ്മാണം(212/21) | 1,307,402/- | 137,133/- |
| | ആകെ | 1,963,393/- | SOബ്ലോക്ക് വിഹിതം | 1,757,887/- | 205,506/- |
| ഒട്ടാകെ | | 3,473,861/- | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 3,287,213/- | 205,506/- |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 2020-21 | 1,480,000/- | ലൈഫ് മിഷൻ പാർപ്പിട പദ്ധതി മൂന്നാം ഘട്ടം-ജനറൽ (23/21) | 1,480,000/- | 0 |
| | 2020-21 | 940,370/- | ലൈഫ് മിഷൻ പാർപ്പിട പദ്ധതി – പട്ടികജാതി വിഭാഗം (28/21) | 940,370/- | 0 |
| | 2020-21 | 100,000/- | ലൈഫ് മിഷൻ പാർപ്പിട പദ്ധതി – പട്ടികവർഗ്ഗ വിഭാഗം (29/21) | 100,000/- | 0 |
| | 2020-21 | 300,000/- | അങ്കണവാടിയ്ക്ക് അനുപൂരക പോഷകാഹാര പരിപാടി (16/21) | 300,000/- | 0 |
| | 2020-21 | 574,000/- | ഭിന്നശേഷിയുള്ളവർക്ക് പഠന സഹായം (17/21) | 574,000/- | 0 |
| | 2020-21 | 100,000/- | ക്ഷീരകർഷകർ അളക്കുന്ന പാലിന് ഇൻസെന്റീവ്(152/21) | 100,000/- | 0 |
| | SO | 500,000/- | ചെമ്പിളാവ് പാടശേഖര ജലസേചന പദ്ധതി(203/21) | 500,000/- | 0 |
| ആകെ | | 3,994,370/- | ജില്ല പഞ്ചായത്ത് വിഹിതം | 3,994,370/- | - |

3-ാം വാർഡിലെ ശാന്തിതീരം ശ്മശാന നവീകരണത്തിന് 20 ലക്ഷം രൂപ കോട്ടയം ജില്ല

പഞ്ചായത്ത് വിഹിതവും 3 ലക്ഷം രൂപ കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത് വിഹിതവും 137,133/- രൂപ പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ഉൾപ്പടെ 2,437,133/- പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്. 174/21 നം. ക്യാപ്പിറ്റൽ പ്രോജക്ടിന് ബ്ലോക്ക് പഞ്ചായത്ത് റവന്യൂ പ്രോജക്ടിനായി ലഭിച്ച ഫണ്ടിൽ നിന്ന് ചെലവ് നടത്തിയിരിക്കുന്നത്.

ജില്ല പഞ്ചായത്ത് വിഹിതം പ്രോജക്ട് മാപ്പിങ്ങിലൂടെ ലഭിച്ച 3,629,370/- രൂപയും 28/21 പ്രോജക്ടിനായി 365,000/- രൂപയും ഉൾപ്പടെ 3,994,370/- രൂപയാണ് ചെലവഴിച്ചത്. എന്നാൽ 2020-21 വർഷം ജില്ല പഞ്ചായത്ത് ഫണ്ട് റവന്യൂ ശീർഷകത്തിൽ(320700205) 374,089/- രൂപയുടെ ചെലവ് 9,089/- രൂപ ജില്ല പഞ്ചായത്തിലേക്ക് റീഫണ്ട് ചെയ്തത് ഉൾപ്പടെയാണ്.

മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന ഓരോ ഗ്രാന്റ്/വിഹിതം ശീർഷകത്തിലും അക്കൗണ്ട് ചെയ്യുന്ന ഫണ്ടിന്(പ്രോജക്ട് മാപ്പിങ്ങിലൂടെയും നേരിട്ടും) എ.സി.ആർ.-ൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി കൃത്യമായി സൂക്ഷിക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2020-21 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് കെ.എസ്.ഇ.ബി.-യിലും വാട്ടർ അതോറിറ്റിയിലും ഡെപോസിറ്റ് ചെയ്തിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ-കല്ലുവേലികുഴി നടപ്പാത വാർഡ്-10-എസ്.സി.പി. (58/21) | 32,000/- | 0 | 32,000/- |
| കെ.എസ്.ഇ.ബി. | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ (180/21) | 89,751/- | 89,751/- | 0 |

നിക്ഷേപ പ്രവൃത്തികൾക്ക് കെ.എസ്.ഇ.ബി.-യിൽ മുൻവർഷങ്ങളിൽ നിക്ഷേപിച്ച 392,102/- രൂപയ്ക്കും ഭൂജലവകുപ്പിലെ നിക്ഷേപത്തുകയിൽ മുന്നിരിപ്പുണ്ടായിരുന്ന 75,642/- രൂപയിൽ 34,342/- രൂപയ്ക്കും 2020-21 വർഷം വിനിയോഗസാക്ഷ്യപത്രം ലഭിക്കുകയും വാർഷിക കണക്കുകളിൽ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിക്ഷേപ രജിസ്റ്ററിൽ പ്രസ്തുത വിവരം രേഖപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. നിക്ഷേപ പ്രവൃത്തികളുടെ ഡെപോസിറ്റ് രജിസ്റ്റർ 31/03/2021 വരെ പൂർത്തിയാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കേക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2020-21 വർഷം കൺവീനർ മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്ക് ഗുണഭോക്തൃ സമിതിക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2020-21 വർഷം പഞ്ചായത്തിന് KURDFC വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) | G.O(MS) 68/2018/LSGD 18.05.2018 | 959,366/- | 1,540,000/- | 292,627/- | - | 2,206,739/- |

സെക്രട്ടറിയുടെ 271/21 നം. പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ(General) നിന്നും 263,294/- രൂപയും 272/21 നം. പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ(SCSP) യിൽ 29,333/- രൂപയും എന്നിങ്ങനെ ആകെ 292,627/- രൂപ വികസന ഫണ്ട് അലോട്ട്മെന്റിൽ ക്രമീകരിച്ചാണ് വായ്പ തിരിച്ചടവ് നടത്തിയത്. വായ്പ രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. KURDFC വായ്പ ആരംഭിച്ചത് മുതലുള്ള രജിസ്റ്റർ തയ്യാറാക്കി ഓരോ സാമ്പത്തിക വർഷത്തെയും സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

നിക്ഷേപ സർട്ടിഫിക്കറ്റ്, സ്ഥിരനിക്ഷേപ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൻ പ്രകാരമുള്ള 2020-21 വർഷത്തെ സ്ഥിരനിക്ഷേപ കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 654,705/- |
| തൻവർഷം നിക്ഷേപിച്ച തുക(FD പലിശ) | 43,605/- |
| ആകെ | 698,310/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| 31/03/2020-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 698,310/- |

സ്ഥിരനിക്ഷേപം പലിശ 43,605/- രൂപ മുതലിൽ ചേർത്ത് പുതുക്കുകയാണ് ചെയ്യുന്നത്. സ്ഥിരനിക്ഷേപത്തിന്റെ ബാങ്ക്, FD അക്കൗണ്ട് നമ്പർ എന്നിവ താഴെ കൊടുക്കുന്നു.

| | |
|---|---|
| നിക്ഷേപിച്ച ബാങ്ക് | Canara Bank |
| ബാങ്ക് ശാഖ(കോഡ്) | കിടങ്ങൂർ(4675) |
| എഫ്. ഡി. അക്കൌണ്ട് നം. | 4675401000085/8 |
| വാർഷിക പലിശ | 5.2 % |
| നിക്ഷേപ കാലാവധി | 17/09/2021 |

## 4-7 ഓഡിറ്റ് റിക്കവറി

2020-21 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം. ,തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-3 | 2010-11 | 5-3-6(1) | ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് ഭൂമി വാങ്ങിയെങ്കിലും ലക്ഷ്യം കൈവരിച്ചില്ല. | ഖണ്ഡിക നിയമസഭാ സമിതി പരിഗണിച്ചു. |
| 2018-19 | 3-1 | 2019-20 Part-I | കോട്ടയം ജില്ല ഖണ്ഡിക-1 | ഷോപ്പിംഗ് കോംപ്ലക്സ് കം-ബസ് സ്റ്റാന്റ് നിർമ്മാണം-11.75 ലക്ഷം രൂപ കൺസൾട്ടൻസി ഫീസിനത്തിൽ ചെലവഴിച്ചിട്ട് മൂന്ന് വർഷം-നിർമ്മാണം ആരംഭിച്ചിട്ടില്ല | ഷോപ്പിംഗ് കോംപ്ലക്സ് ആരംഭിക്കുവാനുള്ള ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറായതായി പഞ്ചായത്ത് അറിയിച്ചു. |
| 2019-20 | 1-25 | 2020-21 Part-I | | മുൻകൂർ ഒടുക്കിയ തുകയ്ക്കുള്ള മരുന്ന് പൂർണമായും ലഭിച്ചില്ല- 64,335/- രൂപയുടെ | മരുന്നുകൾ ലഭ്യമായിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| | | | | മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു. | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികയുടെ വിശദാംശം താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | റിപ്പോർട്ട് നം./ തീയതി | ഖണ്ഡിക നം. | തുക | ഉദ്യോഗസ്ഥന്റെ പേരും വിലാസവും |
|---|---|---|---|---|
| 2009-10 & 2010-11 | എൽഎഫ്.കെ.പി7/991/12 തീയതി-11/01/2013 | 3-5ബി | 17,806/- | ശ്രീ.ജോഷി ജോസഫ്, അസിസ്റ്റന്റ് എഞ്ചിനീയർ, ചെത്തിമറ്റത്തിൽ വീട്, വഞ്ചിമല പി.ഒ., കാഞ്ഞിരപ്പള്ളി-686508. |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | : | 104,866,569/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 69,670,533/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 607,000/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 75,000/- | പി. വിജയകുമാരി, സെക്രട്ടറി |
| 1-29 | 32,000/- | സോണി സി. ഹരിബാൽ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-30 | 500,000/- | ലീലാമ്മ ജോസഫ്, ഹെഡ്മിസ്ട്രസ് |
| ആകെ | 607,000/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 1-19 പ്രകാരം 1,575/- രൂപ ആദായ നികുതി(Income Tax)

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 1-14,1-15,1-17,1-20,1-22

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31/12/2021 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-07 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2018/57(2)/18 /20.02.2018 | 1 |
| 2007-08 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2018/57(3)/18 /20.02.2018 | 1 |
| 2008-09 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2018/57(4)/18 /20.02.2018 | 1 |
| 2009-10 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2018/57(5)/18 /20.02.2018 | 4 |
| 2010-11 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2018/57(6)/18 /20.02.2018 | 3 |
| 2011-12 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2018/57(7)/18 /20.02.2018 | 2 |
| 2012-13 | കെ.എസ്.എ.-കെ.ടി.എം.പി12/1943/16/ 30.03.2017 | 7 |
| 2013-14 | കെ.എസ്.എ.-കെ.ടി.എം.പി12/619/16/ 19.08.2016/23.08.2016 | 2 |
| 2014-15 | കെ.എസ്.എ.-കെ.ടി.എം.പി12/693/16/ 03.06.2016/14.06.2016 | 26 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി13-1508/16/ 03.05.2017 | - |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി13-1461/17/ 23.01.2018 | 9 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി13-195/2019 /18.02.2020 | 15 |
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി13-1018/2019/ 15.09.2021 | 20 |

| | | |
|---|---|---|
| 2019-20 | കെ.എസ്.എ.-കെ.ടി.എം.പി13-802/2020/ 31.03.2021 | 24 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്